# ലേഖനങ്ങൾ

രചന:
നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ
ഫോൺ: 9847649567,9744233997
**NAKSHATHRARAJYAM E. RADHAKRISHNAN**
**Ph: 9847649567, 9744233997**
E-mail:nakshathrarajyam@gmail.com
Web: www.nakshathrarajyameradhakrishnan.in
Address: P.B.No: 1205, Mankave P.O., Kozhikode 673 007
Kerala, India
House Address: Edoli House, Kommeri P.O., Kozhikode -7
Kerala, India

# സമാചാരം

മാസിക

# നക്ഷത്രരാജ്യം

# ലേഖനങ്ങൾ

**നക്ഷത്രരാജ്യം പുതിയതും പഴയതുമായ മാസികകളിൽ ഫയലുകൾ സമാഹരിക്കാൻ സാധിച്ചതായ ലേഖനങ്ങൾ മാത്രം ഉൾപ്പെടുത്തി വായനക്കാരുടെ മുമ്പിൽ ആദരപൂർവ്വം "നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ "രചിച്ച ലേഖനങ്ങൾ" സമർപ്പിക്കുന്നു.**

## ലേഖനങ്ങൾ:

1. എന്റെ മലയാളം
2. ചലച്ചിത്രവും ആസ്വാദകരും
3. സഞ്ജയൻ(എം.ആർ. നായർ = കാലിക പ്രസക്തിയുള്ള മലയാള സാഹിത്യം
4. അടിപൊളി മലയാള സിനിമ
5. കാശ്മീർ പ്രശ്നത്തിൽ ഇന്ത്യയുടെ ഭൂപ്രദേശത്ത് പാക്കിസ്ഥാൻ ഇനിയും ഒരു ഇന്ത്യ-പാക്ക് സംഘർഷം അവലംബിക്കുകയോ ഇന്ത്യയിലെ സമാധാനാന്തരീക്ഷം കെടുത്തുകയോ അരുത്.
6. നാടുണർന്ന നാടകങ്ങളിലൂടെ കാട്ടുകടന്നൽ ആർതർ ബാബു പറശ്ശേരി അരങ്ങിലും അണിയറയിലും.
7. പൊതുജന സമ്പർക്കം ( പബ്ലിക്ക് റിലേഷൻസ് )
8. കേരളം അറിയാതെ പോയ സഹൃദയ പ്രഥമാന പദസിഥിത പ്രഥിത മുഖ്യജനാഗ്രണി പോൾ കൊള്ളന്നൂരിന്റെ ( കവിയുടെ ) ഹൃദയനൊമ്പരം
9. കലാസാംസ്ക്കാരിക രംഗത്ത്നിന്നൊരു എം. എൽ. എ.
10. വടക്കൻ പാട്ടുകളിലെ ഒരു വില്ലൻ ഗാഥ
11. വാടകകുടിയാൻ സംരക്ഷണ നിയമവും വ്യാപാരിവ്യവസായികളുടെ പ്രശ്നങ്ങളും.
12. ഒരു ഡ്രൈവറും മര്യാദയും ജനജീവിതമായുള്ള ബന്ധവും.
13. ഡ്രൈവിങ്ങിലെ പൊതുകാര്യ പ്രസക്തി.

നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ
(മാനേജിംഗ് എഡിറ്റർ)

ലേഖനം

# എന്റെ മലയാളം



## (നക്ഷത്രരാജ്യം 2012 നവംബർ 26 മുതൽ ഡിസംബർ 25 വരെ)

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ





ആദിയിൽ സംസ്കൃതവും തമിഴും കൂട്ടികലർത്തി അനേകം ഭാഷാപണ്ഡിതന്മാരുടെ ശ്രമഫലമായി മലയാളഭാഷ നിലവിൽ വന്നു. പിന്നീടുള്ള കാലത്താണ് ബൃഹത്തായ വ്യാകരണത്തോടെയും അർത്ഥത്തോടെയും പരിഷ്ക്കരിച്ച് മലയാളഭാഷ പുരോഗതി പ്രാപിച്ചത്. മലയാളഭാഷയെ പരിപോഷിപ്പിക്കുന്നതിനു മനസാ – വാചാ – കർമ്മണാ ഉത്സുകരായിരുന്ന അക്കാലങ്ങളിൽ നിലനിന്നു പോന്നിരുന്ന രാജാക്കന്മാരുടെ ഭരണക്രമ സ്ഥിതിവിശേഷമായിരുന്നു മലയാളഭാഷയുടെ സുവർണ്ണകാലം എന്നു പറയാമായിരുന്നത്. ഈശ്വരചൈതന്യം തുളുമ്പുന്ന പഴയകാല സാഹിത്യനായകൻമാരായിരുന്ന തുഞ്ചത്തെഴുത്തച്ഛനും, ഉള്ളൂരും, മഹാകവി ജിയും, കുമാരനാശാനും, ഏ.ആർ. രാജരാജവർമ്മയും ഉൾപ്പെടെയുള്ള മഹാരഥന്മാർ മലയാളഭാഷയ്ക്ക് നൽകിയ സംഭാവന സ്തുത്യർഹമാണ്. ആധ്യാത്മ കവി തുഞ്ചത്തെഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം കിളിപ്പാട്ടും, കുഞ്ഞിക്കുട്ടൻ തമ്പുരാനും മലയാളഭാഷയെകുറിച്ചു ബൃഹൃത്തായി അറിവു നൽകുന്ന ഭാഷാപോഷിണിയും മലയാളഭാഷയ്ക്കു നൽകിയ സംഭാവന വിലപ്പെട്ടതാണ്. കവിതകളിൽകൂടി ഭാഷയെ പരിപോഷിപ്പിച്ച കവികളായ ചങ്ങമ്പുഴയും, കുമാരനാശാനും, മഹാകവി ജീയും ഉൾപ്പെടെയുള്ള കവികളുടെ കവിതകൾ ഇന്നും കേരളീയരുടെ നാവിൻ തുമ്പിൽ തത്തി കളിക്കുന്നതിനു പ്രധാന കാരണമായത് കവിത എഴുത്തിലും, മലയാളഭാഷയിലും അവർക്കുള്ള അവഗാഹം തന്നെയാണ്. കുമാരനാശാന്റെ കരുണയും, ചണ്ഡാളഭിക്ഷുകിയും, ചങ്ങമ്പുഴയുടെ രമണനും വാഴക്കുലയും മലയാളി സമൂഹത്തിലെ അസമത്വത്തിനും ഉച്ചനീചത്വങ്ങൾക്കും എതിരെയുള്ള ഒരു കുന്തമുനതന്നെയായിരുന്നു. വാക്കുകൾ കയറിചെന്ന് മനുഷ്യമനസ്സിലെ അകകാമ്പിൽ കയറിയിരിക്കുന്ന രചന വൈഭവത്തിൽ കവിതകളെഴുതുന്ന എത്ര കവികളാണ് മലയാളഭാഷയുടെ സുവർണ്ണകാലത്ത് നമുക്കുണ്ടായിരുന്നത്. ഇന്നോ? സ്വന്തം കുട്ടികളെ മലയാളം പഠിപ്പിക്കുന്നത് ലജ്ജയായി കാണുന്ന രക്ഷിതാക്കൾ ഒരു വശത്ത്? കഠിന

മായി പറഞ്ഞാൽ ഇതുപോലുള്ളവർ സ്വന്തം സന്തതികളുടെ വിദ്യാഭ്യാസത്തേയും മാതൃഭാഷയായ മലയാളത്തേയും അപമാനിക്കുകയാണ് ചെയ്യുന്നത്. മറുവശത്ത് നല്ലവണ്ണം നാലക്ഷരം മലയാളം പഠിപ്പിക്കുന്ന സർക്കാർ സ്കൂളുകൾ പൂട്ടിക്കാൻ നടക്കുന്ന വിദ്യാഭ്യാസ കച്ചവട സ്ഥാപനങ്ങളും, കച്ചവടക്കാരും കാണാമറയത്ത് പ്രവർത്തിക്കുന്നതിലൂടെ ഓരോന്നായി പൂട്ടികൊണ്ടിരിക്കുകയാണ് സർക്കാർ സ്കൂളുകൾ. മലയാളഭാഷയുടെ ശനിദശ അവസാനിക്കുന്ന ഒരു നല്ലകാലം വരുകയില്ലേയെന്നു കേഴുകയാണ് ഇന്ന് മലയാളഭാഷാ സ്നേഹികൾ.


അതാത് പ്രദേശങ്ങളിലെ അല്ലെങ്കിൽ ജില്ലകളിലെ ജനങ്ങളുടെ ജീവിതരീതിയുമായി കെട്ടുപിണഞ്ഞാണ് കേരള സംസ്ഥാനത്തിലെ കാസർഗോഡുമുതൽ തിരുവനന്തപുരംവരെ വസിക്കുന്ന മലയാളികൾ സംസാരിക്കുന്ന മലയാളഭാഷ രൂപപ്പെട്ടത്. അതിനൊരു ഉദാഹരണമാണ് മലബാറിലെ മലയാളം, തിരുകൊച്ചി മലയാളം, തിരുവീതാംകൂർ മലയാളം എന്നെല്ലാമുള്ള വീതംവെപ്പ്. പണ്ടുമുതൽ മലബാറിൽ മാപ്പിള അല്ലെങ്കിൽ മുസ്ലീം ഭാഷ കലർന്ന മലയാളമാണ് മലയാളികൾ സംസാരിക്കുന്നത്. തിരുവീതാംകൂറിലുള്ള മലയാളികൾ സംസാരിക്കുന്നത് തമിഴ് ചുവയുള്ള മലയാളമാണ്. ഇന്നും തിരുവീതാംകൂറിൽ "എന്തിരണ്ണാ" "പോവ്വൂവ്വ്" എന്നൊക്കെയുള്ള മലയാളം അവരുടെ നിത്യജീവിതത്തിന്റെ ഒരു ഭാഗംതന്നെയാണ്. എന്നാൽ മലയാളത്തിന് ഒരു വ്യാകരണ സംസാരഭാഷയുണ്ട്. അത് മലബാർ മലയാളമോ, തിരുവീതാംകൂർമലയാളമോ, തിരുകൊച്ചി മലയാളമോ എന്ന രീതിയിലല്ല അറിയപ്പെടുന്നത്. "പ്രകാരം" അടിസ്ഥാനമാക്കി മലയാളഭാഷാസംസാരരീതിയെ അഞ്ചായി തരംതിരിച്ചിട്ടുണ്ട്. ആയവ "നിയോജക പ്രകാരം" "വിധായക പ്രകാരം" "അനുജ്ഞായക പ്രകാരം" "നിർദ്ദേശക പ്രകാരം" "ആശംസ പ്രകാരം" എന്നിങ്ങനെയാണ്. എന്താണ് "നിയോജക പ്രകാരം"? ഒരാൾ അധികാരത്തോടെ അല്ലെങ്കിൽ പ്രജകളെ ഭരിക്കാൻ അർഹതയും അധികാരവും ഉള്ള രാജാവിന്റെ അധികാരത്തോടെ സംസാരിക്കുന്നതിനെയാണ് "നിയോജക പ്രകാരം"എന്നു പറയുന്നത്. നിയോജക പ്രകാരം മലയാളഭാഷ സംസാരിക്കുന്നവരാരും യാചനാ രൂപത്തിൽ(സ്വരത്തിൽ) അഭ്യർത്ഥിക്കാറില്ല. ഉദാഹരണത്തിന് ഒരാളെ തന്റെ മുന്നിൽ ഹാജരാക്കാൻ കല്പിക്കുകയാണെങ്കിൽ "ഇന്നയാളെ"എന്റെ മുന്നിൽ കൊണ്ടു വരട്ടെഎന്ന രീതിയിൽ കല്പ്പിക്കുകയാണ് ചെയ്യാറുള്ളത്. "വിധായക പ്രകാരം" സംസാരിക്കുന്നവർ എപ്പോഴും ഒരാളെ തന്റെ കൺമുമ്പിൽ കണ്ടാലോ വീട്ടിൽ അതിഥിയായി എത്തിയാലോ"വരണം", "ഇരിക്കണം" എന്നാണു പറയാറുള്ളത്, അതുകൊണ്ടാണ് പ്രകാരത്തിൽ "അണ"മെന്നു വിധായകേ ആയത്. മലയാളഭാഷയിലെ പ്രകാരത്തിൽ "ആം"അനുജ്ഞായകമാണ്." "അനുജ്ഞായക പ്രകാരം" മലയാളഭാഷ സംസാരിക്കുമ്പോൾ "വരാം" "ഇരിക്കാം" "ഇവിടെ നിൽക്കാം" "ഇവിടെ ഇരിക്കാം" എന്നാണ് സംബോധന ചെയ്യുന്നത്. പിന്നെയുള്ള ഒരു "പ്രകാരം" "നിർദ്ദേശക പ്രകാരം". കാലത്തിനു അനുയോജ്യമായി സംസാരിക്കുന്നതിനെയാണ് "നിർദ്ദേശക പ്രകാരം" എന്നു പറയുന്നത്. അഞ്ചാമത്തെ "പ്രകാരം" "ആശംസക പ്രകാരം". ആശംസക പ്രകാരം സംസാരിക്കുന്നവർ വന്നാലും ഇരുന്നാലും പോയാലും എന്നൊക്കെയാണ് സംസാരിക്കാറുള്ളത്. ആശംസക പ്രകാരത്തിലെ "ആലും" മലയാളഭാഷയിലേക്ക് കടമെടുത്തത് തമിഴിൽ നിന്നാണ്. മുൻകാലങ്ങളിൽ മലയാളം വിദ്വാന്മാർ ധാരാളമുണ്ടായിരുന്നു നമ്മുടെ സമൂഹത്തിൽ. അവരായിരുന്നു മലയാളഭാഷാ ഗുരുക്കന്മാർ. അവർ രാമായണവും, മഹാഭാരതവും, ഭാഗവതവും മലയാളത്തിലേക്ക് തർജ്ജമചെയ്തുകൊണ്ട് വിദ്യാർത്ഥികളെ പഠിപ്പിക്കുമായിരുന്നു. സംസ്കൃതവും കൂടി പഠിച്ച അല്ലെങ്കിൽ അവഗാഹമുള്ള ഒരാൾക്ക് മാത്രമേ രാമായണവും, മഹാഭാരതവും, ഭാഗവതവും പഠിപ്പിക്കുവാൻ സാധിക്കുമായിരുന്നുള്ളു. വിദ്യാസമ്പന്നരല്ലാത്ത സ്കൂൾ വിദ്യാഭ്യാസം തൊട്ടുതീണ്ടാത്ത കർഷകതൊഴിലാളികളും, കൂലിപ്പണിക്കാരുപോലും മുൻകാലങ്ങളിൽ സംസ്കൃതശ്ലോകരൂപത്തിലുള്ള രാമായണവും, മഹാഭാരതവും, ഭാഗവതവും വായിച്ച് അർത്ഥം പറയുമായിരുന്നു. തത്തുല്യമായതിലധികം വിദ്യഭ്യാസ യോഗ്യതയുള്ള ഇന്നത്തെ എം.എ. മലയാളക്കാർക്കുപോലും ഇക്കാലങ്ങളിൽ അതു സാധിക്കുമോ എന്നു പരീക്ഷിച്ചറിയേണ്ടതുതന്നെയാണ്. മലയാളം ഭാഷാപണ്ഡിതന്മാർ മലയാളഭാഷയെ ഈശ്വരന് തുല്യമായാണ് കാണുന്നത്. വിദ്യാധനം സർവ്വധനാൽ പ്രധാനം എന്നും - മാതാപിതാഗുരു ദൈവം എന്നുമാണല്ലോ മലയാളഭാഷയും ഭാഷാവിദ്വാന്മാരും നമ്മെ പഠിപ്പിച്ചത്. അതുകൊണ്ടുതന്നെ മലയാളികൾക്ക് മലയാളം എന്നും പ്രാണാംശമാകട്ടെയെന്നു നമുക്കാശംസിക്കാം. ■

(ലക്കം നക്ഷത്രരാജ്യം 2008 ഡിസംബർ)



# ചലച്ചിത്രവും ആസ്വാദകരും

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ



സത്യനും, പ്രേംനസീറും, മധുവും, വിൻസെന്റും, രാഘവനും, സുകുമാരനും, സോമനും, സുധീറും, മോഹനും നായകന്മാരായി മലയാളസിനിമ അടക്കി വാണിരുന്ന കാലഘട്ടത്തിനു ശേഷം മലയാളസിനിമയുടെ സുവർണ്ണകാലമായി മലയാള സിനിമാ പ്രേമികൾ വാഴ്ത്തുന്നത് 1980 നും 1990 നും ഇടയിൽ റിലീസ് ചെയ്ത മലയാള ചലച്ചിത്രകാലഘട്ടത്തേയാണ്.

അക്കാലത്ത് മോഹൻലാൽ നായകനായി പ്രദർശനത്തിനെത്തിയ ദൗത്യവും, താളവട്ടവും, ചിത്രവും, ഇരുപതാം നൂറ്റാണ്ടും, രാജാവിന്റെ മകനും മറ്റു ഒരുപിടി നല്ല ചിത്രങ്ങളും - മമ്മുട്ടി നായകനായി പ്രദർശനത്തിനെത്തിയ യാത്രയും, യവനികയും, ന്യൂഡൽഹിയും മറ്റു ഒരുപിടി നല്ല ചിത്രങ്ങളും, അമോൽപലേക്കർ നായകനായി ഇറങ്ങിയ ഓളങ്ങളും ഉൾപ്പെടെ വിജയകരമായി പ്രദർശനത്തിനെത്തിയ ചലചിത്രങ്ങളുടെ ഒരു വമ്പൻ നിര തന്നെയുണ്ട് മലയാളചലച്ചിത്ര പ്രേമികൾക്കു കുളിരുകോരിയിടുന്ന ഒരു നനുത്ത പ്രഭാതമായിയെന്നോണം മനസ്സിൽ ഓർക്കുവാൻ.

പ്രമുഖരായ സാഹിത്യകാരുടെ പേനാതുമ്പിൽ നിന്ന് ഉതിർന്നു വീണ നോവൽസാഹിത്യങ്ങളിലെ കഥാപാത്രങ്ങൾക്ക് ജീവൻ നൽകി നോവൽ വായനക്കാരായ മലയാളികൾ എന്നെന്നും മനസ്സിൽ ഒരു മർമ്മരംപോലെ കോരിതരിപ്പോടെ സൂക്ഷിച്ചിരുന്ന കുറേ അധികം സിനിമകളായിരുന്നു അഭിനയ



ചക്രവർത്തിമാരായിരുന്ന സത്യനും, നസീറും, മധുവും, വിൻസെന്റും, സുകുമാരനും, മോഹനും, സോമനുമെല്ലാം അഭിനയിച്ചു ജീവിച്ച് മലയാളിയുടെ മനസ്സിനെ അത്യുഗശൃംഗത്തിലെത്തിച്ച അക്കാലത്തെ മലയാള സിനിമകൾ.

പമ്മന്റെ ചട്ടക്കാരിയിലെ മോഹനും, സോമനും, ലക്ഷ്മിയും, "തകഴി ശിവശങ്കരപിള്ളയുടെ അനുഭവങ്ങൾ പാളിച്ചകളിലേയും ചെമ്മീനിലേയും സത്യനും നസീറും മധുവും ഷീലയും", "പി.വൽസലയുടെ നെല്ലിലെ നസീറും കനകദുർഗ്ഗയും", "പാറപ്പുറത്തിന്റെ പണിതീരാത്ത വീടിലെ നസീറും ശോഭനയും നന്ദിതാബോസുമൊക്കെ ഇതിനൊരുദാഹരണങ്ങളാണ്. ഈ ഗണത്തിൽപെടുന്ന സിനിമകൾ വേറെയും ധാരാളം പ്രദർശനത്തിനെത്തിയിട്ടുണ്ട്. "അതിൽ പ്രധാനമായുള്ളത് നാടൻപ്രേമം, മയിലാടുംകുന്ന്, നക്ഷത്രങ്ങളേ സാക്ഷി, രണ്ടു പെൺകുട്ടികൾ, വാരിക്കുഴി, നിഴലാട്ടം, അരനാഴികനേരം, ദേവി, മായ, തുലാഭാരം, നീലക്കുയിൽ, ഭാർഗ്ഗവിനിലയം, ചെകുത്താന്റെ കോട്ട, മരം" പേരുകൾ ഇങ്ങനെ പോകുന്നു. പ്രമുഖരായ നോവലിസ്റ്റുകളുടെ നോവലുകൾ സിനിമയായ മലയാള സിനിമയുടെ സുകൃതകാലം നമ്മുടെ മനസ്സിൽ ഇന്നും പച്ചവിരിച്ചു നിൽക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്.

മലയാള സിനിമയുടെ ഇപ്പോഴത്തെ ദുരവസ്ഥക്ക് കാരണക്കാരെ അന്വേഷിച്ചാൽ ആരായിരിക്കും അത്?...



തീർച്ചയായും ആസ്വാദകനല്ല മലയാളസിനിമയുടെ ഇന്നത്തെ ദുരവസ്ഥക്ക് കാരണം സിനിമ ഇങ്ങനെയാകണമെന്ന് തീരുമാനിക്കുന്നതിൽ സംവിധായകനൊപ്പം പ്രധാന നടനും നിർമ്മാതാവിനും തിരകഥാകൃത്തിനും ഉൾപ്പെടെ പങ്കുണ്ടെന്നുള്ളത് പരമമായ ഒരു യാഥാർത്ഥ്യമാണ്.

ഇന്നത്തെ മലയാള സിനിമയുടെസാമൂഹികമായ ദുരവസ്ഥക്ക് (സമൂഹത്തിനേയും, നിർമ്മാതാവിനേയും, തിയേറ്ററുകളേയും മാത്രം സംബന്ധിക്കുന്നവ. എട്ടു തട്ടിൽ പടം പൊട്ടിയാലും നഷ്ടമൊന്നും സംഭവിക്കാത്തവരെന്നു വിഖ്യാതി നേടാതെ വാങ്ങിയതിൽ ഒരു പങ്ക് തിരിച്ചു കൊടുത്ത് സിനിമാ വ്യവസായത്തേയും സിനിമാ നിർമമാണ മേഖലയും സംരക്ഷിക്കുന്ന പത്മശ്രീ പ്രേംനസീറിനേയും രജനികാന്തിനേയും, എം. ജി. രാമചന്ദ്രനേയും പ്രേക്ഷകരും സിനിമാ നിർമ്മാണ പ്രവർത്തകരും പൂവിട്ടു പൂജിക്കന്നതും കാണുന്നവരാണ് മലയാളികളായ ജനങ്ങളും സിനിമ ആസ്വാദകരും) സൂചിപ്പിക്കുന്ന കാരണം സിനിമാ ആസ്വാദകരായ സാ ധാരണക്കാരുടെ മനസ്സറിയാതെ "തങ്ങൾ നിർമ്മിക്കുന്നതെന്തും ആ സ്വാദകർ ഉൾകൊള്ളുമെന്ന ചിലരുടെ മൗഢ്യയായ ധാരണകളാണെന്നു പറയാം". സ്ക്രീനിലാണെങ്കിൽ പോലും സഹോദരന് അല്ലെങ്കിൽ സഹോദരിക്ക്



റൗഡികളുടെ കൈയിൽ നിന്ന് നല്ല ചൂടുള്ള അടി വീ ണുകൊണ്ടിരിക്കുന്നതുവരെ -റൗഡിയുടെ കത്തി സഹോദരിയുടെ അല്ലെങ്കിൽ സുഹൃത്തിന്റെ വയറിനടുത്തു ചെന്നെത്തുന്നതു വരെ വലിയ ദൂരത്തല്ലാതെ നിൽക്കുന്ന നായകൻ കോളറും തെറുത്തു കേറ്റി സ്ലോമോഷ്യനിൽ നടന്നു വരുന്ന സിനിമ കണ്ടാൽ കണ്ടുകൊണ്ടിരിക്കുന്നവനു പിന്നെയെന്തു തോന്നും?. ആസ്വാദകനെന്താ ഞരമ്പുകളിൽ രക്ത ഓട്ടവുമില്ലേ? ബുദ്ധിയും? സിനിമയിൽ ലയിച്ചിരിക്കുന്ന ആസ്വാദകനെ യുക്തിക്കു നിരക്കാത്ത കാര്യങ്ങൾ നിരത്തി മനസ്സിനെ ചഞ്ചലപ്പെടുത്തുന്നതു തന്നെയാണ് മലയാള സിനിമയുടെ പരാജയത്തിനു പ്രധാനമായ ഒരു കാരണമെന്ന് സ്ക്കൂളിന്റെ പടിക്കൽ മഴയത്തു പോലും കയറിയില്ലാത്തവനു പോലും മനസ്സിലാകുമല്ലോ?.

മനസ്സെന്നത് വിവരമില്ലാത്തവർക്കും വിവരമുള്ളവർക്കുമൊക്കെയൊരുപോലെയാണ്. കാരണങ്ങൾ നീണ്ടു പരന്നങ്ങനെ കിടക്കുകയാണ്. യുക്തിക്കു നിരക്കാത്ത രംഗങ്ങളും കാര്യങ്ങളും കാണുമ്പോൾ കഥയിൽ ലയിച്ചിരിക്കുന്ന ആസ്വാദകന്റെ മനസ്സ് കഥയിൽനിന്ന് തെന്നിമാറി ഇങ്ങനെയൊക്കെ ഉണ്ടാകുമോ? ഇങ്ങനെയൊക്കെ സാധിക്കുമോ? എന്നു ചിന്തിച്ചുകൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. സിനിമയിലേക്ക് പിന്നെ അവരുടെ മനസ്സെത്തുന്നതു വരെ അവരുടെ മനസ്സിൽ യുക്തി ചിന്തകളാണ് സംഘർഷഭരിതമാക്കുന്നത്. ഇങ്ങനെയൊന്നുമല്ലാത്തതുകൊണ്ടു തന്നെയാണ് പണ്ടുള്ള സിനിമകളെല്ലാം വിജയകരമായി ഓടികൊണ്ടിരുന്നതും ആസ്വാദകരുടെ കൈയ്യടികൾ നേടിയെടുത്തതും. ടെലിവിഷൻ മാത്രമല്ല സിനിമയുടെ ഇന്നത്തെ ദുരവസ്ഥക്കു കാരണമെന്ന് അറിഞ്ഞ് ആസ്വാദകനെ പമ്പരവിഢിയായി മാത്രം കണക്കാക്കാതെ നിർമ്മിക്കുന്ന ലോബജറ്റ് സിനിമകൾ പോലും തിയേററുകൾ നിറഞ്ഞു ഓടി തകർക്കുന്നത് കാണാൻ മറക്കരുത് ഇളംമുറക്കാരും ട്രെന്റിനായി അലയുന്നവരും.





അനുഭവങ്ങൾ പാളിച്ചകൾ
സത്യൻ, നസീർ

കോടികണക്കിന് രൂപ ധൂർത്തടിച്ച് തിയേറ്ററുകളിൽ കേവലം മൂന്നോ നാലോ ദിവസം പ്രദർശിപ്പിക്കുന്ന സിനിമ നിർമ്മിക്കുന്ന നിർമ്മാതാക്കൾക്ക് നീണ്ടകാലം വീട്ടിലിരുന്ന് വിശ്രമിമിച്ചുകൊണ്ടിരിക്കുന്ന ശശികുമാറിനെ പോലുള്ള സംവിധായകരെ വെച്ച് സിനിമ സംവിധാനം ചെയ്തിരുന്നെങ്കിൽ തിയേറ്ററും ജനങ്ങളേയും വിട്ട് കരിയുടേയും മാറാലയുടേയും മറവിയുടേയും മണമുള്ള കരിപ്പിടിച്ചു മങ്ങിയ പാഴ്‌വിനോദ ദൃശ്യമാധ്യമമാവുകയില്ലായിരുന്നല്ലോ മലയാള സിനിമ?. ഇന്ന് ഉത്തരത്തിനായി സിനിമാസ്വാദകരേയും കാലത്തേയും പഴിചാരി തങ്ങളുടെ കൂടെ പ്രവർത്തിക്കുന്നവരുടെ ധാർഷ്ഠ്യത്തിന് കറുത്ത തിരശ്ശീല ഇടേണ്ടി വരുന്നു സിനിമ വ്യവസായ സംരംഭകർക്ക്. ■

ലേഖനം

*(നക്ഷത്രരാജ്യം മാസിക 2011 മാർച്ച് 20 മുതൽ ഏപ്രിൽ 19 വരെ)*

(ജനുവരി 2003ൽ ഓൾ ഇന്ത്യാ റേഡിയോയും സഞ്ജയൻ അനുസ്മരണ വേദിയും ചേർന്ന് നടത്തിയ പ്രബന്ധ മത്സരത്തിനയച്ച സ്ക്രിപ്റ്റ്)



# സഞ്ജയൻ (എം.ആർ. നായർ)=
# കാലിക പ്രസക്തിയുള്ള മലയാള സാഹിത്യം

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ




സഞ്ജയൻ - സാമൂഹിക അനീതിയോടും അസമത്വത്തോടും മനുഷ്യസ്നേഹമില്ലായ്മയോടും പ്രതികരക്കുവാൻ സാമ്പത്തിക ശേഷിയും സാമൂഹിക ശക്തിയും കൈക്കരുത്തും ഇല്ലാത്തവന് സ്വന്തം ആത്മാവുകൊണ്ടെങ്കിലും പ്രതികരിച്ചു ജീവിക്കുവാൻ സമകാലിക കഥകളിലെയും നോവലുകളിലെയും ലേഖനങ്ങളിലെയും ഹാസ്യാത്മക കഥാപാത്രങ്ങളുടെ സൃഷ്ടാവും ആശയസമരങ്ങളുടെ നെടും തൂണും മലയാള സാഹിത്യത്തിലും നിരൂപണ സാഹിത്യത്തിലും തനിക്ക് തുല്യനായി മറ്റൊരാളില്ലെന്ന് ആസ്വാദകരെക്കൊണ്ട് പറയിച്ച ഹാസ്യാത്മക പ്രതികരണ ശേഷി കൊണ്ട് മലയാളത്തെ കീഴടക്കിയ സാഹിത്യകാരനുമാണ്.

പുരോഗമന സാഹിത്യത്തിന്റെ പേരിൽ മനുഷ്യനെ സുഖിപ്പിക്കുന്നതിനും സുഖിപ്പിച്ചു രസിപ്പിക്കുന്നതിനുമുള്ളതെന്ന ലേബലിൽ മനുഷ്യസ്നേഹം മറന്ന, മനുഷ്യത്വം മറന്ന. അസമത്വവും അനീതിയും അധർമ്മവും സാമൂഹിക മനുഷ്യമനസ്സിൽ നിന്നു വേർപിരിയുവാനുള്ള പാത്രസൃഷ്ടി ഉൾക്കാഴ്ചയില്ലാത്ത എന്നാൽ മലയാളിയും മലയാളവും കൊട്ടിഘോഷിക്കുന്ന ചില സാഹിത്യാചാര്യന്മാരുടെ പ്രഭാവലയത്തിൽ മലയാളിയുടെ മനസ്സിലും മലയയാളത്തിലും നിഷ്പ്രഭമായിപ്പോയ എം.ആർ. നായർ എന്ന സജ്ജയൻ ആക്ഷേപഹാസ്യസാഹിത്യങ്ങൾ രചിക്കുവാൻ തൂലിക പടവാളാക്കി രക്തരഹിതമായ വിപ്ലവത്തിന് മലയാളത്തിലും മലയാളിയുടെ മനസ്സിലും തിരികൊളുത്തിയ ജേതാവായ വിപ്ലവകാരിയാണ്.


പാത്ര സൃഷ്ടി രചന കൊണ്ട് ആരാധകരേയും നിലയും വിലയും പുകളും കീർത്തിയും പണവും സ്ഥാനമാനങ്ങളും മാത്രമല്ല, സജ്ജയന് കിട്ടിയിരുന്നത്. കൂടെ അസമത്വവും അനീതിയും അധർമ്മവും സ്നേഹമില്ലായ്മയും മനുഷ്യമനസ്സിൽ നിന്ന് വേർപിരിയുവാനുള്ള പാത്രസൃഷ്ടി ഉൾക്കാഴ്ചയുള്ള പ്രതികരണ ശേഷി ഹാസ്യാത്മകമായുള്ളവർ എന്ന ഖ്യാതിയും കൂടിയായിരുന്നു.

സമൂഹത്തിൽ ഉത്തമരായി ജീവിക്കുന്ന മനുഷ്യരുടെ മനസ്സുകളെ അധമപ്രവർത്തികൾക്ക് പ്രോത്സാഹിപ്പിക്കുകയും മനുഷ്യസമൂഹത്തിൽ അശാന്തിയും സംഘർഷവും പരിഭ്രാന്തിയും പടരുന്ന കുത്സിതമാർഗ്ഗങ്ങളിലേക്ക് യുവാക്കളുടെ പ്രവർത്തികൾ കൊണ്ടെത്തിക്കുകയും ചെയ്യുന്ന കുടിലവും കുത്സുതവും കുതന്ത്രപരവുമായ ആശയങ്ങൾ സമൂഹത്തിൽ വേരൂന്നതിനു വളക്കൂറുള്ള മണ്ണാകുന്ന നിലയിൽ കേരളത്തെയും നമ്മുടെ മാതൃരാജ്യത്തെയും അധഃപതിപ്പി





ക്കുന്നതിന് ഒരു പരിധി വരെ മുഖ്യപങ്ക് വഹിക്കുന്നത് സാഹിത്യ സൃഷ്ടാവിന്റെ രചനയെ അല്ലെങ്കിൽ കഥയെ നയിക്കുന്ന നായക കഥാപാത്രത്തിന് ധീരനും ആദർശധീരനും ആകുവാനുള്ള കഥാപാത്രസൃഷ്ടിയാകുമെന്ന് ഉൾക്കാഴ്ചയോടെ മനസ്സറിഞ്ഞു സാഹിത്യങ്ങൾ രചിച്ച സജ്ജയൻ കാലിക പ്രസക്തിയുള്ള യുഗപുരുഷൻ തന്നെയാണ്. സമൂഹത്തിന്റെ ജീവനാഡിയായ യുവജനത വഴിതെറ്റി പോകുവാതിരിക്കുവാ











നുള്ള ഉൾകാഴ്ച കാലികസാഹിത്യരചയിതാക്കൾക്കില്ലാത്തതുകൊണ്ടുതന്നെയാണ് കാലികപ്രസക്തി സഞ്ജയന്റെ തിരുനെറ്റിയിൽ പൊൻതൂവലായി ഇന്നും നിലനിൽക്കുന്നതെന്നതാണ് യാഥാർത്ഥ്യം.

കാണുന്നതെല്ലാം പൊന്നല്ലെന്നും – സാഹിത്യങ്ങൾ രചിക്കുന്നവരെല്ലാം നല്ല സാഹിത്യകാരൻമാരെല്ലെന്നും – രചിക്കപ്പെട്ട എല്ലാ സാഹിത്യങ്ങളും നല്ല സാഹിത്യങ്ങളല്ലെന്നും കാര്യകാരണസഹിതം സാഹിത്യആസ്വാദകരെ ബോദ്ധ്യപ്പെടുത്തുന്നതിൽ സാഹിത്യനിരൂപണ


രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച സഞ്ജയന്റെ മിടുക്ക് മലയാളനോവൽ സാഹിത്യത്തിന്റെ പിതാവായ ഒ. ചന്തുമേനോനേയും, സി.വി. രാമൻപിള്ളയേയും, വേങ്ങയിൽ കുഞ്ഞിരാമനേയും പോലു ള്ളവരെ പോലും വെറുതെ വിട്ടിരുന്നില്ല. അതുകൊണ്ടുതന്നെ മനുഷ്യസമൂഹത്തിൽ അശാന്തിയും സംഘർഷവും, പരിഭ്രാന്തിയും പടരുന്ന കുത്സിതമാർഗ്ഗങ്ങളിലേക്ക് യുവാക്കളുടെ പ്രവർത്തികൾ ചെന്നെത്തുന്ന കുടിലവും കുത്സിതവും കുതന്ത്രപരവുമായ ആശയങ്ങൾ ആളുകളുടെ മനസ്സിൽ വേരോടിക്കുവാൻ സജ്ഞയ ജീവിതകാലത്തെ നോവൽ സാഹിത്യരചയിതാക്കളും കവികളും ധൈര്യപ്പെട്ടിരുന്നില്ല.

സാഹിത്യരചനാധർമ്മം ആസ്വാദകരോടു കാണിക്കുവാതെ സാഹിത്യരചനാ സ്വാതന്ത്ര്യത്തിനു വേണ്ടി മുറവിളികൂട്ടുന്ന ചില കാലികസാഹിത്യകാരന്മാർ ധനം സമ്പാദിക്കുന്നതിനുവേണ്ടിയും സ്വന്തം പുകളിനും പേരിനും പ്രശസ്തിക്കും സ്ഥാനമാനങ്ങൾക്കും വേണ്ടിയും ചീഞ്ഞളിഞ്ഞ് ദുർഗന്ധം വമിക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുവാൻവേണ്ടി സാഹിത്യരചനാധർമ്മം സ്വതന്ത്രമാക്കുവാൻ മുറവിളി










കൂട്ടുന്നു. അയ്യേ കഷ്ടം! നീയും ഒരു സാഹിത്യകാരനോ എന്നു സഞ്ജയനെ പോലുള്ള മലയാളസാഹിത്യ ആചാര്യൻമാരും സാഹിത്യങ്ങളുടെ പിതാക്കളും മൂക്കത്തു വരിൽവച്ച് ആശ്ചര്യപ്പെടുമ്പോഴും സമൂഹവും സമൂഹത്തിലെ ജനങ്ങളും അവരെകൊണ്ടാടുന്നു. ആനയും അമ്പാരിയുമായി തേരോട്ടം നടത്തുവാൻ സമൂഹത്തിലെ നാനാതുറകളും അവർക്ക് തുറന്നുകൊടുക്കുന്നു. അവരിവിടെ തമ്പുരാൻ സാഹിത്യങ്ങളുടെ മനുഷ്യരുടെ എല്ലാത്തിന്റേയും തമ്പുരാൻ.







സഞ്ജയനെപോലെ സമൂഹത്തിനോടു കരുണ കാണിച്ച സാഹിത്യകാരന്മാർ ഇന്നില്ല എങ്കിലും മനസ്സാക്ഷി സമൂഹത്തിനോടുകാണിക്കുന്ന ചിലരുടെ മനസ്സിലെങ്കിലും സഞ്ജയൻ ജീവിക്കുന്നു.

ഭാരതത്തിന്റെ വ്യവസ്ഥിതി തച്ചുടക്കുവാൻ സാമ്രാജിത്വത്തിലെ കഴുകന്മാർ വട്ടമിട്ടുപറക്കുന്ന ഇന്ത്യാരാജ്യം. പട്ടിണികൊണ്ടു മക്കളെ വില്ക്കുന്ന അമ്മമാർ. ചേക്കേറുവാൻ ഇടമില്ലാതെ കാട്ടീന്നുപോലും നിഷ്കാസിതരാകുന്ന ആദിവാസികൾ. ജീവൻ നിലനിൽക്കുവാൻ ആവശ്യമായ ആഹാരം പോലും കിട്ടാതെ രോഗത്തോടുമല്ലടിക്കുന്ന വടക്കേ ഇന്ത്യൻ ഗ്രാമങ്ങൾ. വിഘടിച്ചു നില്ക്കുന്ന മതങ്ങളേയും സമൂഹത്തിലെ ജനങ്ങളേയും ഏകോപിപ്പിച്ച് സമൂഹത്തിലെ ജനങ്ങളെ പ്രതികരണശേഷിയുള്ളവരാക്കേണ്ടത് രാഷ്ട്രീയക്കാരന്റെ പണിയാണെന്നും അല്ലാതെ സാഹിത്യകാരന്റെതല്ല അപ്പണിയെന്നും വാദിക്കുന്ന ചില സാഹിത്യനായകന്മാർ. സ്വന്തം കീശ വീർപ്പിക്കുവാൻ കാശിനും പേരിനും പ്രശസ്തിക്കും വേണ്ടിയാണ് സാഹിത്യങ്ങൾ രചിക്കുന്നതെങ്കിൽ പിന്നെയെന്തിന് സാഹിത്യധർമ്മത്തിന്റേയും സംഘടിക്കുവാനുള്ള സ്വാതന്ത്ര്യത്തിന്റേയും പേരിൽ ഇത്തരക്കാർ മുറവിളികൂട്ടുന്നതെന്ന ചോദ്യം ദേശകൂറുള്ളവരുടെ മനസ്സിൽ അവശേഷിക്കുന്നു.

അരപ്പട്ടിണിക്കാരേയും മുഴുപ്പട്ടിണിക്കാരേയും പാമരരേയും പണ്ഡിതരേയും ധനവാന്മാരേയും സന്തോഷിപ്പിക്കുവാനും സുഖിപ്പിക്കുവാനും രസിപ്പിക്കുവാനും സാഹിത്യങ്ങൾ രചിക്കുവാൻ കച്ചകെട്ടിയിറങ്ങിയ കാലികസാഹിത്യകാരൻ ആസ്വാദകരെ അറിവിന്റെ - നന്മയുടെ വഴിയിലേക്ക് നയിക്കേണ്ടത് സാഹിത്യകാരനാണെന്ന് ബോധ്യപ്പെട്ടു സാഹിത്യങ്ങൾ രചിക്കുമ്പോൾ മാത്രമേ കാലികകാലത്തെ നല്ല സാഹിത്യങ്ങൾ സാഹിത്യആസ്വാദകർക്ക് പ്രയോജനപ്പെടൂ.

മതമേതായാലും മനുഷ്യൻ നന്നായാൽ മതി എന്നു പറഞ്ഞ ശ്രീനാരായണഗുരുദേവന്റേയും - മനുഷ്യസ്നേഹം ഒരു തപസ്യയായി ആചരിച്ച ചട്ടമ്പിസ്വാമികളുടേയും പാദസ്പർശമേറ്റ പുണ്യഭൂമിയിൽ കേരളത്തിൽ - രാജാവിനേയും രാജകുടുംബാംഗങ്ങളേയും രസിപ്പിച്ചും സന്തോഷിപ്പിച്ചും സുഖിപ്പിച്ചും ധനം സമ്പാദിക്കുവാനും പേരും പ്രശസ്തിയും സ്ഥാനമാനങ്ങളും ഉണ്ടാക്കിയെടുക്കുവാനും വേണ്ടി സാഹിത്യങ്ങൾ രചിച്ച അക്കാലത്തെ സാഹിത്യാചാര്യന്മാരുടെ പാത പിൻതുടർന്നു സാഹിത്യകാരൻ സാഹിത്യങ്ങൾ രചിക്കുന്നത്, സാഹിത്യ ആസ്വാദകരോടു താൻ ചെയ്യുന്ന കടുത്ത അനീതിയും അധർമ്മവും, മനുഷ്യസ്നേഹമില്ലായ്മയുമാണെന്ന ബോധം കാലികസാഹിത്യകാരന്മാർ ഉൾകൊണ്ടു സാഹിത്യങ്ങൾ രചിക്കുമ്പോഴേ സമൂഹത്തിൽ മനുഷ്യസ്നേഹം പരിപൂർണ്ണതയിലെത്തി സാഹിത്യകാരനും സാഹിത്യവും മനുഷ്യമനസ്സുകളിൽ ജീവിക്കുയെന്നുള്ളതാണ് യാഥാർത്ഥ്യം.

ദാരിദ്ര്യമില്ലാതെ ജീവിക്കുന്ന ചില കാലിക കഥാകൃത്തുകളുടേയും നോവലിസ്റ്റുകളുടേയും നിരൂപണസാഹിത്യകാരന്മാരുടേയും പേനാതുമ്പിലൂടെ മലീസമാകുകയാണിന്ന് ദരിദ്രനാരായണന്മാരുടെ രാജ്യത്തെ - ഭാരതത്തിലെ - രാഷ്ട്രീയം. പോയ കാലത്തെ ആദർശധീരന്മാരായ മഹത്വ്യക്തികളേയും, വ്യക്തിപ്രഭാവം വർദ്ധിക്കുന്ന അവരുടെ ത്യാഗങ്ങളേയും ദേശത്തിനെ കുറിച്ചുള്ള അവരുടെ കാഴ്ചപാടുകളേയും ഇത്തരക്കാർ ഓർക്കാറില്ല. എന്തിനധികം പോയകാലത്തെ സ്വന്തം സാമ്പത്തികവും സാമൂഹികവും ആശയപരവുമായ ദാരിദ്ര്യങ്ങൾപോലും ഓർക്കാൻ അവർക്ക് സമയംകിട്ടാറില്ല. സ്പീഡ് കൂടികൊണ്ടിരിക്കുന്ന ജീവിതത്തിൽ ഏറ്റവും സ്പീഡുള്ളവന് വെട്ടിപിടിക്കുവാനുള്ളതാണ് സാമ്പത്തികരംഗം എ ന്നു ഇക്കൂട്ടർ കരുതുന്നത് ദരിദ്രനാരായണന്മാരുടെ മലയാളനാട് യാന്ത്രികവടക്കുനോക്കിയന്ത്രങ്ങളായി സ്ഥൂലിക്കുന്നതിനു കാരണമാകുന്നു. സഞ്ജയന്റെ കാലിക പ്രസക്തി കാലികകാലത്ത് സഞ്ജയനില്ലാത്തതിന്റെ ദുഃഖസ്മൃതി അയവിറക്കുവാൻ ദേശകൂറുള്ള സാഹിത്യരചയിതാക്കളുടെ മനസ്സിലെങ്കിലും കുളുർമ്മയുള്ള ഒരു മഞ്ഞുതുള്ളിയായി സഞ്ജയൻ ജീവിക്കുന്നുണ്ടെന്നുള്ളതു തന്നെയാണ്.

സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹമിച്ചിടാത്തൊരു തത്വശാസ്ത്രത്തേയും എന്നു പാടിയ കവിയുടെ കണ്ണീരിൽ വളരുകയാണിന്ന് മലയാളകവിതാപ്രസ്ഥാനം. മഹാകവി വള്ളത്തോളിന്റെ മനസ്സിലെ പച്ചവിരിപ്പിട്ട സഹ്യനിന്നുണങ്ങുന്നു. സായിപ്പിനു കൊണ്ടുപോകുവാൻ സാധിക്കാതിരുന്ന തിരുവാതിരഞാറ്റുവേല തേടുകയാണിന്ന് പഴമക്കാരായ മല



മുത്തങ്ങ സമരം

യാളികൾ. വരളുകയാണ് കേരളമിന്ന്. മരമെവിടെ കാടെവിടെ മഴയെവിടെയെന്നു വിലപിക്കുന്ന കാലികകവയത്രിയോടു പുഴയിൽ മഴപെയ്യുന്നുണ്ടല്ലോ മരമില്ലെങ്കിലെന്താ കാടില്ലെങ്കിലെന്തായെന്നു ചോദിക്കുന്ന ഭരണകൂടങ്ങൾ. രാജ്യവാഴ്ച അന്യംനിന്നശേഷം ഒരു കനൽകട്ടയായി ജ്വലിക്കുകയാണിന്ന് കേരളം. ഭരണകൂടത്തോടുള്ള വെല്ലുവിളിപോലെ അസംതൃപ്തരായ കാടിന്റെ മക്കൾ ആയുധമേന്തി വീരശൂരപരാക്രമികളായി സർക്കാർ വനം വെട്ടിപിടിച്ച് കുടിലുകൾ കെട്ടി അവർക്ക് ചുറ്റും മനുഷ്യകോട്ടകൾ നിർമ്മിക്കുന്നു.

പുരാതനകാലത്ത് കാട്ടാളരായി ജീവിച്ച മനുഷ്യരെ സാമൂഹിക ജീവി യും സംസ്കാര സമ്പന്നനുമായി ഉയർ ത്തിയ സാഹിത്യങ്ങൾ വച്ച ചില്ലലമാരകളിൽ കാലികമനുഷ്യരെ കാട്ടാളനാക്കുവാനുള്ള സാഹിത്യങ്ങൾ കുമിഞ്ഞുകൂടുന്നു. അലമാരകളിലെ ചിതലുകളും ഉറുമ്പുകളും കൂറകളും സാഹിത്യങ്ങളിലരിച്ചു അരപ്പട്ടിണിക്കാരായി നാടിനോടു കൂറും ദേശഭക്തിയും നാശോന്മുഖമാകുന്ന സാഹിത്യരചയിതാക്കളെത്രെ....? നാടിന്റെ രക്ഷയുടെ പേരിൽ കൊണ്ടും കൊടുത്തും നനഞ്ഞ വെടിയുണ്ടകൾ പൊട്ടിച്ചും കളയുന്ന കോടികൾ കാലിക ഭാരതത്തിലെ അരപട്ടിണിക്കാരന്റെ ഒരു നേരത്തെ ഭക്ഷണത്തിനായി ചിലവിട്ടിരുന്നതെങ്കിൽ എന്നു വിലപിക്കുന്ന ഒരു സാഹിത്യസംസ്കാരമില്ലാത്ത ഭാരതം ധനമോഹികളായ സാഹിത്യകാരന്മാരുടെ ഭാരത്താൽ ഞരഞ്ഞമരുകയാണിന്ന്. ആസ്വാദകന് അറിവുകൊടുക്കുവാതെ കപടബുദ്ധിയാണിവർ കൊടുക്കുന്നത്. തന്ത്രങ്ങളല്ലാതെ നേരെചൊവ്വെ ചെയ്യുന്ന ശീലം, വളർത്തുന്ന ശീലം, ഇക്കൂട്ടർക്ക് ഇല്ലാത്തതുതന്നെയാണ് സാഹിത്യത്തിൽ സഞ്ജയനുള്ള കാലികപ്രസക്തി.



ആദിവാസി ഗോത്രം

പച്ചമനുഷ്യന്റെ ജീവിതഗന്ധകഥാപാത്രങ്ങളില്ലാതെ- അനുകരണീയമായ കഥാപാത്രങ്ങളുടെ സൃഷ്ടാക്കളില്ലാതെ മലയാള സാഹിത്യം സൂര്യനില്ലാത്ത പകലുപോലെ അസ്തമിക്കുകയാണിന്ന്. ജീവിതഗന്ധിയായ മനുഷ്യജീവിതം വരച്ചുകാട്ടിയ സഞ്ജയന്റെ കഥാപാത്രങ്ങളെപോലെയോ, തകഴി ശിവശങ്കരപിള്ളയുടെ പളനിയേയോ, കറുത്തമ്മയേയോ പോലുള്ള കഥാപാത്രങ്ങൾ ഇന്നു മലയാള സാഹിത്യത്തിൽ ജനിക്കുന്നില്ല. അവിശ്വാസിയുടെ നാവിലെ ശ്രീരാമനേയും സീതയേയും, രാവണനേയുംപോലെ കാലിക സാഹിത്യകാരന്മാരുടെ കഥാപാത്രങ്ങൾ അത്ഭുതജീവിയും അതിശയിപ്പിക്കുന്ന മനുഷ്യകഥാപാത്രങ്ങളുമായി മലയാളസാഹിത്യത്തിലിന്നു വിലസുകയാണ്.

പായസം കുടിച്ചതീന്നു കൗസല്യ ഗർഭം ധരിച്ചു ജന്മംകൊണ്ട ശ്രീരാമനും, മിഥുലാപുരി ഉഴുതുമറിക്കുമ്പോൾ മണ്ണിനടിയിൽനിന്നും പൊങ്ങിവന്ന സീതയും തല പത്തെണ്ണമുള്ള രാവണനും ശാസ്ത്രയുഗത്തിൽ അവിശ്വാസികൾക്കൊരു അത്ഭുതം തന്നെയായിരിക്കാം. കാലികകാലത്ത് പായസം കുടിച്ചാൽ ഒരു സ്ത്രീ ഗർഭം ധരിക്കുമോയെന്നാണ് അവിശ്വാസി ചോദിക്കുന്നത്. രണ്ടുതലയുള്ള ഒരു കുഞ്ഞുപോലും നാളിതുവരെ ജീവിക്കാത്ത മനുഷ്യപ്രപഞ്ചത്തിൽ പത്തു തലയുമായി രാവണനെങ്ങിനെ ജീവിച്ചു എന്നു ചോദിക്കുന്നവരോട് കാലമെന്തു പറയാൻ. ഉഴുതുമറിക്കുമ്പോൾ സീതയിൽനിന്ന് കിട്ടിയതുകൊണ്ടാണ് ജനകപുത്രിക്ക് സീത എന്ന് നാമകരണം ചെയ്തതെങ്കിൽ ഒരു മണിക്കൂർ തികച്ചും നമുക്ക് ജീവനോടെ മണ്ണിനടിയിൽ കിടക്കുവാൻ കഴിയുമോയെന്ന് അവിശ്വാസി ചോദിക്കാറുണ്ട്. എന്നാൽ ശ്രീരാമനേയും, സീതയേയും, രാവണനേയും അമാനുഷികവ്യക്തികളായായിരുന്നു രാമായണം വാഴ്ത്തിയിരുന്നതെന്ന യാഥാർത്ഥ്യം ഇത്തരക്കാർ മറക്കുന്നു.




ചെങ്ങറസമരം പോരാളികൾ

മനുഷ്യസംസ്കാരം വളർത്തിയെടുത്ത് മനുഷ്യരെ അറിവിലേക്ക് നയിച്ച ജീവൽഗന്ധിയായ ഇതിഹാസ

ങ്ങളിലേയും പുരാണങ്ങളിലേയും ദൈവങ്ങളുടെ പ്രതിപുരുഷരായായിരുന്നു ശ്രീരാമനേയും സീതയേയും രാമായണത്തിൽ വാഴ്ത്തപ്പെട്ടതെന്ന യാഥാർത്ഥ്യം പോലും ഇക്കൂട്ടർ സൗകര്യപൂർവ്വം മറക്കുന്നു.

മലയാളസാഹിത്യത്തിന്റെ ഉദയത്തിനുള്ള കാലികപ്രസക്തി അനശ്വരനായ സഞ്ജയനെ തേടിയെത്തിയത് കാലികകാലത്ത് ജീവൽഗന്ധിയായ കഥാപാത്രങ്ങൾക്ക് ജന്മം കൊടുക്കുവാൻ സാഹിത്യകാരന്മാരില്ലാത്തതുകൊണ്ടുതന്നെയാണെന്നതാണ് യാഥാർത്ഥ്യം.






ഏഴു ഭൂഖണ്ഡങ്ങളിലും അധീശത്വം സ്ഥാപിക്കുവാനുള്ള കഴുകക്കണ്ണുമായി ഭീകരതയെ പ്രോത്സാഹിപ്പിക്കുന്ന കാണാമറയത്തെ കറുത്ത കരങ്ങളുടെ താണ്ഡവത്തിൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന ഇന്ത്യൻ സമ്പദ്ഘടന. മാതൃരാജ്യത്തിലുള്ള വിഭവങ്ങളും മനുഷ്യശേഷിയും പ്രയോജനപ്പെടുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുവാതെ ലോകബാങ്കിനോട് കടം വാങ്ങി രാജ്യം ഭരിക്കുവാനുള്ള ജപങ്ങളും മന്ത്രങ്ങളും കൊണ്ട് മുഖരിതമാകുന്ന നിയമനിർമ്മാണ മന്ദിരങ്ങൾ. കുത്തനെ ഉയരുന്ന വിലക്കയറ്റം തടയുവാനാകാതെ നടുവൊടിയുന്ന രാജ്യത്തിലെ സാധാരണക്കാരും തൊഴിലാളികളും. സ്വന്തം സൗഭാഗ്യങ്ങളുടെ അഭിവൃദ്ധിക്കായി വിലക്കയറ്റങ്ങളെ പ്രയോജനപ്പെടുത്തി ഇന്ത്യൻ സമ്പദ്ഘടനയെ തകർത്തി നിയമനിർമ്മാണസഭകളേയും ഇന്ത്യൻ സമ്പദ്ഘടനയേയും സ്വന്തം കൈപിടിയിൽ മുറുക്കുന്ന കുത്തക മുതലാളിമാരും വ്യവസായികളും. ഭാരതത്തിന്റെ ഭൂമിശാസ്ത്രപരവും സമ്പദ്ഘടനാപരവുമായ രൂപവും ഭാവവും മാറിക്കൊണ്ടിരിക്കുകയാണ്.

ഭാരതത്തിലെ വിപ്ലവപാർട്ടികളെ നയിക്കുന്ന രാഷ്ട്രീയാചാര്യന്മാർ പോലും കബന്ധങ്ങളും, തന്ത്രങ്ങളും വർഗ്ഗചേരിതിരിവുകളുമാണ് രാഷ്ട്രീയപാർട്ടികളെ വളർത്തുന്നതെന്ന കണ്ടുപിടുത്തകാരായ മൂഢവിശ്വാസികളായ പുത്തൻ തലമുറയുടെ കൈപിടിയിൽ ഞെരിഞ്ഞമർന്ന് വിപ്ലവത്തിനിറങ്ങുകയാണിന്ന്.

സാമൂഹിക അസമത്വത്തോടും അനീതിയോടും അധർമ്മത്തോടും മനുഷ്യസ്നേഹമില്ലായ്മയോടും പ്രതികരിച്ച് ഒരു പുണ്യദേശമായി കാലികകേരളത്തെ ഭാരതത്തിന്റെ സാഹിത്യ ഭൂപടങ്ങളിലിന്നു ജ്വലിപ്പിക്കുന്നത് കാലിക കേരളത്തിലെ പ്രകാശനാളങ്ങളായ സുകുമാർ അഴീക്കോടിനേയും ഒ.എൻ.വി.കുറുപ്പിനേയും പോലുള്ള പ്രതികരണശേഷി സൽമാർഗ്ഗികമായുള്ള സാഹിത്യാചാര്യന്മാരാണെന്നതിന്നൊരു അരമനരഹസ്യമൊന്നുമല്ല. ടെലിവിഷന്റെ മുന്നീന്ന് എഴുന്നേറ്റ് മലയാളത്തിലെ ഗ്രന്ഥങ്ങളും പുസ്തകങ്ങളും വായിക്കുവാനുള്ള സൗമനസ്യം കാണിക്കാത്ത മലയാള പുസ്തക വായനക്കാരെക്കുറിച്ചോർത്ത് കുണ്ഠിതപ്പെടാതെ രചനാസാഹിത്യകാരൻ മലയാള പുസ്തകവായനക്കാരെ ടെലിവിഷന്റെ മുന്നിൽനിന്ന്





പുസ്തകലോകത്തിലേക്ക് ഇറക്കിക്കൊണ്ടുവരാനുള്ള സാഹിത്യരചനാബോധ ശൈലി പ്രയോഗിക്കുകയാണ് വേണ്ടത്. സാമൂഹിക അസമത്വത്തോടും അനീതിയോടും അധർമ്മത്തോടും മനുഷ്യസ്നേഹമില്ലായ്മയോടും പ്രതികരിക്കുവാൻ ഹിതമായത് ചെയ്യുവാനുപദേശിക്കുന്ന തീവ്രത വാക്കുകൾക്കുണ്ടെങ്കിൽ തന്നെയേ താൻ രചിച്ച സാഹിത്യം സംസ്കാരോത്വരവും ലോകോത്തരവും ആയ സാഹിത്യമാകൂ എന്ന സാഹിത്യബോധം സാഹിത്യ രചയിതാക്കൾക്കുണ്ടായാലേ പ്രഭാഷകരായ ഉന്നത സാഹിത്യാചാര്യന്മാരേയും സാഹിത്യപണ്ഡിതരേയും ആദരിക്കുന്നതുപോലെ സാഹിത്യാസ്വാദകർ സാഹിത്യരചയിതാക്കളെ ആദരിക്കുകയുള്ളൂവെന്നുള്ളത് ചിലരുടെ കാര്യത്തിലെങ്കിലുമിന്നതൊരു വാസ്തവം തന്നെയാണ്.

സാമൂഹിക അസമത്വത്തോടും അനീതിയോടും അധമത്വത്തോടും മനുഷ്യസ്നേഹമില്ലായ്മയോടും പ്രതികരിക്കുവാൻ ഹിതമായത് ചെയ്യാനുപദേശിക്കുന്ന തീവ്രത സഞ്ജയ സാഹിത്യങ്ങൾക്കുള്ളതുതന്നെയാണ് കാലികകാലത്ത് ജീവിക്കുന്ന സാഹിത്യരചയിതാക്കൾക്കില്ലാത്ത പ്രസക്തി അനശ്വരനായ സാഹിത്യകാരൻ സഞ്ജയനെ നിത്യഹരിതനാക്കുന്നത്.

ഒരു ഫെഡറൽ റിപ്പബ്ലിക്കായ ഭാരതത്തിലെ നദീജലത്തിനുവേണ്ടി സംസ്ഥാനങ്ങൾ തമ്മിലാണിന്ന് ചോരപ്പുഴ ഒഴുക്കുന്നത്. തമിഴ്നാടിന്റെയും കർണ്ണാടകയുടേയും ആന്ധ്രയുടേയും കേരളത്തിന്റേയും ചക്രവാളങ്ങൾ ചുകന്നുകൊണ്ടിരിക്കുകയാണ് കാലികകാലത്ത്. ഇടയ്ക്കിടക്ക് കാട്ടിലേക്ക് അപ്രത്യക്ഷരാകുന്ന



## ചെങ്ങറഭൂസമരം

രാഷ്ട്രീയ നേതാക്കളും സിനിമാതാരങ്ങളും പത്രങ്ങൾക്കിന്നൊരു ചൂടുള്ള വാർത്തയാണ്. അപ്രത്യക്ഷരായവരെ തട്ടിക്കൊണ്ടുപോയത് വന്യജീവിയായ കാട്ടിലെ പുലിയാണെന്നും അതല്ല കാട്ടുകള്ളൻ വീരപ്പനാണെന്നും വാദിച്ചു കശപിശ കൂട്ടി സമയം കൊല്ലുന്ന ഗ്രാമീണർ. നഗരവാസികൾക്കും ഗ്രാമീണർക്കും ഗിരിവർഗ്ഗക്കാർക്കും വരുമാനമോ ചെലവോ ഇല്ലാത്ത ഒരു തമാശ മാത്രമാണിന്ന് അപ്രത്യക്ഷരായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ നേതാക്കളും സിനിമാതാരങ്ങളും. സിനിമാതാരങ്ങളുടേയും രാഷ്ട്രീയ നേതാക്കളുടേയും കാട്ടിലെ ദൈന്യത ഓർത്ത് ഇടക്കിടെ ഫോട്ടോ സഹിതം പത്രങ്ങളിലൂടെ ഞെട്ടുവാൻ സംസ്ഥാന ഭരണാധികാരികൾ. രംഗം കൊഴുക്കുന്നതു നോക്കി നോക്കുകുത്തികളായി ഇരിക്കയാണ് നിയമനിർമ്മാണസഭൾ. പതിറ്റാണ്ടുകളായി നിലവിലുള്ള ഒരു നദീജലതർക്കംപോലും പരിഹരിക്കുവാൻ പ്രയോജനപ്പെടുവാൻ ത്രാണിയില്ലാത്ത ഭാരതത്തിലെ ഫെഡറൽ സംവിധാന ഭരണത്തീന്നു തെന്നിമാറി നാട്ടുരാജ്യങ്ങളായി രാജ്യം ഭരിക്കുവാൻ സംസ്ഥാന ഭരണകൂടങ്ങൾക്ക് തോന്നാതിരുന്നത് ആരു ചെയ്ത പുണ്യമോ? ദേശക്കൂറുള്ള കാലികമനുഷ്യൻ വിലയിരുത്തുന്ന ഭാരതമാണിത്.

സർവ്വമംഗളങ്ങളും പരിശുദ്ധിയും ഉണ്ടാകുവാൻ സ്നാനം ചെയ്യുന്ന കബനിയും, ഭാരതപ്പുഴയും, പമ്പയും രോഗാണുദായകമായ വിഷജലമാണിന്ന് കേരളത്തിന് നൽകുന്നത്. നദികളേയും, മലകളേയും കാടുകളേയും നിയമനിർമ്മാണത്തിലൂടെ സംരക്ഷിക്കുവാൻ നദികളുടേയും മലകളുടേയും കാടുകളുടേയും പുണ്യദേശമായി കേരളത്തെ വാഴ്ത്തപ്പെടുന്ന





പുരാതനയിലേക്ക് മടങ്ങുവാൻ പാടുന്ന കവികളുടെ പാട്ട് കേട്ട് ചൂളാത്തവർ, ചൂളുന്നവരെ നോക്കി ആടുകയാണിന്ന് കേരളത്തിൽ. കുടിക്കുവാൻ നല്ല വെള്ളമില്ല കേരളത്തിൽ. വെളിച്ചത്തിനു കറന്റില്ല. ഉള്ളവരുടെ കറന്റ് എപ്പോഴൊക്കെ ഉണ്ടാകുമെന്നുമറിയില്ല.

തട്ടികുടഞ്ഞും വെയിലുകാഞ്ഞും മറ്റുള്ളവർക്കു പൊള്ളാനുള്ള തീകുണ്ഡം കൂട്ടിയും വെള്ളത്തിൽ വീണ പൂച്ചയെപോലെ സർക്കസ് കളിക്കാതെ രാഷ്ട്രീയക്കാരും പൊതു പ്രവർത്തകരും സാധാരണ ജനങ്ങ ളുടെ മുന്നിലുള്ള വിലക്കയറ്റം, ഇന്ധനക്ഷാമം മുതലായവ ജനകീയ കാര്യങ്ങൾക്ക് ഒന്നിച്ചുനിന്നു പൊരു താനുള്ള ആർജ്ജവം കാണിക്കു കയാണ് വേണ്ടതെന്ന് ടെലിവിഷൻ തുറക്കുന്നവർക്കും. പത്രമെടുത്ത് വായിക്കുന്നവർക്കും തോന്നിപ്പോവുന്ന ഒരു സംസ്കാരത്തിലാണ് കേരളവും ഭാരതവും ഇന്നു ചലിച്ചു കൊണ്ടിരിക്കുന്നത്. രാഷ്ട്രീയക്കാർ കോമാളികളല്ലെന്നും പൊതുജന നന്മയ്ക്കായി പ്രവർത്തിക്കുന്ന ആദർശ ശാലികളാണെന്നും, ഇ.എം.എസോ, എ.കെ.ജിയോ, പി.കെ. വാസുദേവൻനായരോ, കെ.ആർ. ഗൗരിയമ്മയോ,



## മുത്തങ്ങ

അച്ചുതമേനോനോ, കെ.എം. മാണിയോ. ടി.വി. തോമസ്സോ, എം.എൻ. ഗോവിനദൻ നായരോ, കെ. പങ്കജാക്ഷനോ, നായനാരോ, വി.എസ്. അച്ചുതാനന്ദനോ, കരുണാകരനോ, സി.എച്ചോ, ആർ. ബാലകൃഷ്ണപിള്ളയോ ഇല്ലാത്ത നിയമസഭ എന്തൊരു സഭയാണെന്ന് പഴമക്കാരെക്കൊണ്ട് പറയിച്ച രാഷ്ട്രീയ ആദർശവും ജനനന്മ ലാക്കാക്കിയുള്ള പ്രവർത്തനത്തിനും ഒരുങ്ങുകയാണ് തങ്ങൾ ചെയ്യുകയേണ്ടതെന്ന ഓർമ്മ യുജനങ്ങൾക്കും യുജനങ്ങളുടെ പങ്കാളിത്തത്വത്തിനുവേണ്ടി വാദിക്കുന്നവർക്കും ഉണ്ടാവുകയും വേണം. കേരള സർക്കാറോ ഭാരത സർക്കാറോ മറ്റു സംസ്ഥാന സർക്കാറുകളോ ലാഭമുണ്ടാക്കാൻ വേണ്ടി മുതലിറക്കി കച്ചവടം ചെയ്യുവാനല്ല മറിച്ചു പൊതുജനസേവനത്തിനാണു ജനങ്ങൾ തങ്ങളെ തെരഞ്ഞെടുത്ത് നിയമ നിർമ്മാണ സഭകളിൽ എത്തിച്ചതെന്ന ബോധം സംസ്ഥാന നിയമ സമാജികർക്കും, എം.പി. മാർക്കും, ഗവർമെന്റിനും ഉണ്ടാവുകയും അതോടൊപ്പം അത്തരത്തിലുള്ള




പ്രവർത്തനത്തിൽ കൂടി ലാഭകരമായി സംസ്ഥാനസർക്കാറുകളെയും ജനങ്ങളെയും നയിക്കുകയാണ് ചെയ്യേണ്ടത്, നിയമസമാജികരോപ്പോലുള്ള പൊതുപ്രവർത്തകർ.

കാട്ടിലെ പുലിയെ കൊന്നാലും ആനയെ കൊന്നാലും മാനിനെ കൊന്നാലും കൊന്നവനെ ശിക്ഷിക്കുവാനധികാരമുള്ള ഇന്ത്യാരാജ്യത്ത് പട്ടിണി കൊണ്ടൊരു ഇന്ത്യക്കാരൻ മരിച്ചാൽ തൊഴിൽരഹിത നായി ഒരു ഇന്ത്യക്കാരൻ മരിച്ചാൽ ഇന്ത്യാരാജ്യം ഭരിക്കുന്ന സർക്കാറിനെ ശിക്ഷിക്കുവാനധികാരമുള്ളവ



വീരപ്പനെ അറസ്റ്റ് ചെയ്യാൻ നിയമിതരായ ദൗത്യസേന ഉദ്യോഗസ്ഥർ







വീരപ്പൻഗ്യാങ്ങ് പ്രവർത്തനം

രായി ആരുമില്ല ഇന്ത്യയുടെ നിയമസംഹിതകളിൽ. പിന്നെയെങ്ങിനെ ഇന്ത്യയുടെ ഭരണാധികാരികൾക്കും ഭരണകൂടത്തിനും ഇന്ത്യൻ ഭരണഘടനാ ശില്പിക ളുടെ സ്വപ്നത്തിലെ പട്ടിണി മരണമില്ലാത്തൊരു ഇന്ത്യാരാജ്യമായും തൊഴിൽരഹിതരില്ലാത്തൊരു ഇന്ത്യാരാജ്യമായും ഇന്ത്യാരാജ്യത്തെ കെട്ടിപ്പടുക്കുവാൻ വിപ്ലവവീര്യം കൂടുകയെന്നതു ഇന്നൊരു ദേശക്കൂറുള്ള രാഷ്ട്രീയാചാര്യന്മാരുടെ മനസ്സിലെ ചോദ്യചിഹ്നമാണ്.

യുഗായുഗങ്ങളിൽ മനുഷ്യസംസ്കാരവും ഭാരത സംസ്കാരവും ഊട്ടി വളർത്തി ധർമ്മവും നീതിയും സംരക്ഷിക്കുവാൻ അവതരിച്ച പുണ്യപുരാണങ്ങളിലെ ശിവന്റെയോ വിഷ്ണുവിന്റെയോ ബ്രഹ്മാവിന്റെയോ ആടയുടയാടകളണിഞ്ഞ യുഗപുരുഷന്മാരുടെ നിത്യഹരിത സാന്നിധ്യം ഇല്ലാത്ത കാലികസമൂഹത്തിൽ സാഹിത്യത്തിന്റെ അകത്തളങ്ങളിലും തിരുമുറ്റത്തും മനുഷ്യസംസ്കാരവും ഭാരതസംസ്കാരവും ഊട്ടിവളർത്തുന്ന സാഹിത്യധർമ്മവും നീതിയും സംരക്ഷിക്കുവാൻ അവതരിച്ച സത്യവും ധർമ്മവും പരിപാലിക്കുന്ന യുഗപുരുഷാവതാരമായ സഞ്ജയനും, സഞ്ജയന്റെ കാലിക പ്രസക്ത കഥാപാത്രങ്ങളായ സഞ്ജയൻ സാഹിത്യം Iഉം IIഉം IIIഉം വാല്യത്തിലെ പാത്രരചനകളും, അദ്ദേഹത്തിന്റെ തന്നെ കഥാപാത്രമായ കച്ചട്ടി വിൽപ്പനക്കാരൻ സ്വാമിയാരും, രുദ്രാക്ഷ മാഹാത്മ്യത്തിലെ കഥാപാത്രങ്ങളും കാലിക ഭാരത സംസ്കാരത്തിലെ നബിയും യേശുദേവനും ശിവനും വിഷ്ണുവും ബ്രഹ്മാവുമായ യുഗാവതാരങ്ങൾ തന്നെയാണ് മനുഷ്യസമൂഹത്തിനിന്നും. ■

സിനിമ





# അടിപൊളി മലയാള സിനിമ

**(നക്ഷത്രരാജ്യം 2009 സെപ്തംബർ 30 മുതൽ ഒക്ടോബർ 29 വരെ)**

## നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

മ്യൂസിക്കും കോറിയോഗ്രാഫിയും മിക്സ്ചെയ്ത അടിതട മറുഭാഷാ സിനിമകളുടെ പറുപദീസയിലാണ് ജീവിക്കുന്നതിക്കാലത്ത് മലയാളികളുടെ മനസ്സ്. തമിഴ് സിനിമ തമിഴരുടെ നാട്ടിൽനിന്നും മലയാളികളുടെ നാട്ടിലെത്തി തിയേറ്റർ നിറഞ്ഞ് ഓടുകയാണ് കേരളത്തിലിന്ന്. അതേ കാലയളവിൽ റിലീസ് ചെയ്യുന്ന മലയാള സിനിമകളുള്ള തിയേറ്ററുകളുടെ സ്ഥിതി പരിതാപകരവുമാണ്. പലതിലും കാഴ്ചക്കാർ നിറയാതെയാണ് പ്രദർശിപ്പിക്കുന്നതെന്നതാണ് യാഥാർത്ഥ്യം. ഹിന്ദി സിനിമക്കാരും ഇംഗ്ലീഷ് സിനിമക്കാരും സാമാന്യം തെറ്റില്ലാതെ തന്നെ മലയാളികളുടെ പോക്കറ്റ് കാലിയാക്കി സ്വന്തം കീശ വീർപ്പിക്കുന്നുമുണ്ട്.

ഇതൊരു പ്രാദേശിക വാദ ചിന്താഗതിയായി തോന്നില്ല എന്നതിനെ ആസ്പദമാക്കി സന്ധിചെയ്യുന്നവരോട് വേണമെന്നുണ്ടെങ്കിൽ "മാതൃസംസ്ഥാന ഭാഷയിൽ നിർമ്മിക്കപ്പെടുന്ന സ്വഭാഷാ സിനിമകളെ ഇടിച്ചുതാഴ്ത്തി ശോഭിക്കാനുള്ള ശ്രമവുമല്ലിതെന്ന് പറയുന്നത് 100% ആത്മാർത്ഥവുമാണെന്നും പറയാം".

നടന്മാരുടേയോ നടിമാരുടേയോ സംവിധായകരുടേയോ തിരക്കഥാകൃത്തുകളുടെയോ കഴിവുകേടുകൊണ്ടല്ല മലയാള സിനിമയുടെ ഈ അവസ്ഥക്കു കാരണം എന്നു പറയുമ്പോൾ ചിലരുടെയെങ്കിലും നെറ്റി ചുളിഞ്ഞേക്കാം. മലയാള സിനിമ ഒരു കാലത്തും നായക കഥാപാത്രത്തെ സൂപ്പർസ്റ്റാറാക്കി സിനിമകൾ നിർമ്മിച്ചിരുന്നില്ല എന്ന വസ്തുതയാണതിനു കാരണം.

സിനിമക്ക് നല്ലൊരു ഇതിവൃത്തവും അതിനനുസരിച്ച് ഒന്നോ രണ്ടോ മൂന്നോ കുടുംബങ്ങളിലുണ്ടാകുന്ന സംഘർഷഭരിതമായ കുടുംബ പശ്ചാത്തലവും, കുടുംബാംഗങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങളിലെ നന്മകളും തിന്മകളും തമ്മിലുള്ള മത്സരവും മത്സരത്തിനൊടുവിലുള്ള നന്മയുടെ വിജയവും എന്നതൊക്കെയായുള്ള ഒരു ശക്തമായ കഥയുടെ പിൻബലമുള്ള തിരക്കഥയും ആകർഷകമായ കെട്ടുറപ്പോടുകൂടി യോജിപ്പിക്കാനുള്ള ഘടകങ്ങളിൽ സംവിധായകനുള്ള മികവും, കഥാപാത്രങ്ങളാകുന്ന നടിനടന്മാരുടെ അഭിനയമികവും ഹൃദയസ്പർശിയായ ഗാനങ്ങളുടെ ചിത്രീകരണവും ആണ് മലയാള സിനിമയിൽ നടന്നിരുന്നതെന്നോർക്കുമ്പോൾ ഏതൊരാളുടേയും നെറ്റിചുളിയും. അടിപൊളി മലയാളസിനിമ എന്നതിനു മറ്റൊരു അർത്ഥതലത്തിൽ വ്യാഖ്യാനവും കണ്ടെത്തും അവർ. അടി=തല്ല്, പൊളി= പൊളി+തല്ലിപൊളി സിനിമ. സൂപ്പർസ്റ്റാർ നടന്മാരുടേതല്ല തകരാറ്. അപ്പോൾ പിന്നെ അവരുടെ കഥാപാത്രങ്ങളെ









**അ**മിതമായ മ്യൂസിക്കും വയലൻസും അമാനുഷിക മായ ഭാവചലനങ്ങളും സ്ലോമോഷനും സ്പീഡും കൊടുത്ത് സൂപ്പർ സ്റ്റാറാക്കുന്ന സംവിധായകരുടേയും സ്ക്രിപ്റ്റെഴുതിയ തിരക്കഥാകൃത്തുക്കളുടേയും കഴി വിന്റെ അപര്യാപ്തതയാണ് ഇവിടെ വില്ലനാകുന്നത്. ഒരു സൂപ്പർ സ്റ്റാറിനെ മാത്രം കേന്ദ്രബിന്ദുവാക്കി ഒരു സിനിമ വിജയിപ്പിക്കുവാൻ കഴിയുമോ? അങ്ങനെയെ ങ്കിൽ ശ്രീനിവാസന്റെ തിരക്കഥകളുടേയും സിനിമകളു ടേയും വിജയവും, ആസ്വാദകജന പിന്തുണയും ഏത് തലത്തിൽ നിന്നുണ്ടാകുന്നതാണ്.

വളരെയൊന്നും അകലെയല്ലാത്ത അടുത്തകാലയ ളവിൽ റിലീസ് ചെയ്ത 'രാജമാണിക്യം' എന്ന സിനിമ ഒരു വൻ ഹിറ്റായതിന് പങ്കുവഹിച്ചത് പഴയകാല ട്രാവൻകൂർ ഭാഷ മാത്രമല്ലായിരുന്നെന്ന് നമുക്ക് അറി യാം. രാജമാണിക്യത്തിൽ ലാളിത്യമുള്ള ഒരു കുടുംബ കഥയും ശാലീനമാണെങ്കിലും കെട്ടുറപ്പ് നഷ്ടപ്പെട്ട കുടുംബാംഗങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലെ സംഘർഷവും ഉൾപ്പെട്ടിരുന്നു. സംഘർഷഭരിതമായിരു ന്നെങ്കിലും ബന്ധങ്ങൾ ശാലീനമായിരുന്ന തിരക്കഥ ആസ്വാദകന്റെ മനസ്സിൽ അപമതിപ്പുളവാക്കിയില്ലെന്ന് സാരം. കൂടെ 'രാജമാണിക്യം' എന്ന ശക്തമായ കഥാ പാത്രം മമ്മൂട്ടിയുടെ അഭിനയചാതുര്യതയിലും സംഭാ ഷണമിടുക്കിലും സുഭദ്രമായിരുന്നുവെന്ന് പറയുന്നത് യാഥാർത്ഥ്യമാണുതാനും. അല്ലാതെ തിരുവിതാംകൂർ രാജ്യഭരണകാലത്ത് മാർത്താണ്ഡത്തിന്നിങ്ങോട്ട് തിരു വനന്തപുരം വരെ സംസാരിച്ചിരുന്ന പ്രാദേശിക ഭാഷ രാജമാണിക്യം എന്ന നായക കഥാപാത്രം പറഞ്ഞിട്ടാ ണെങ്കിൽ ഇന്ന് മിമിക്രി സിനിമകൾ തട്ടിക്കൂട്ടുന്നവരുടെ കഥാപാത്രങ്ങൾ ഇതിലും കൂടുതൽ പെർഫോം ചെയ്തിട്ടും എന്തുകൊണ്ടാണ് ആ സിനിമകൾ തിയ്യേ റ്ററുകളിൽ എത്തുമ്പോൾ വിജയിക്കുന്നില്ല എന്നതൊരു ചോദ്യമായിതന്നെ അവശേഷിക്കും.

നല്ല സിനിമകൾ മലയാളത്തിലില്ലെന്ന് പറയാനൊ ക്കാത്തതുപോലെ തന്നെ നല്ല സിനിമകൾ മലയാള ത്തിലെടുത്താൽ അത് വിജയിക്കുമെന്നും ഇക്കാലത്ത് പറയാനൊക്കുന്നില്ല. നല്ലത് എന്നത് സിനിമാസ്വാദക നാണ് തീരുമാനിക്കേണ്ടത്. അവർക്കൊരുപക്ഷെ, സിനി മയെക്കുറിച്ച് ഒരു ജഡ്ജ്മെന്റിന് അർഹതയില്ലായിരി ക്കാം. പക്ഷേ, അവർ സമൂഹത്തിൽ ജീവിക്കുന്നവരും സിനിമാശാലകളിൽനിന്ന് സിനിമ കാണുന്നവരുമാണ്. സാധാരണ സിനിമാസ്വാദകരുടെ ഇഷ്ടം തീരുമാനിക്കേ ണ്ടത് സാധാരണ സിനിമാസ്വാദകരാണ്. സാധാരണ സിനിമാ ആസ്വാദകരുമായി പുലബന്ധംപോലുമില്ലാത്ത സമ്പന്നവർഗ്ഗമായി മുകൾതട്ടിലുള്ള നിർമ്മാതാക്കളു ടേയും നടന്മാരുടേയും മിഥ്യാബോധം ഉൾക്കൊണ്ട് കേര ളത്തിൽ ഇങ്ങനത്തെ സിനിമകൾ മാത്രമേ വിജയിക്കൂ എന്ന് തീരുമാനിച്ചുകൊണ്ട് സിനിമ എടുക്കുന്നതുകൊ ണ്ടാണ് പല മലയാള സിനിമകളും തിയ്യേററുകളിലെ ത്തുമ്പോൾ ആസ്വാദകർ നീരസത്തോടെ ഒഴിഞ്ഞുമാ റുന്നത്. മ്യൂസിക്കും കോറിയോഗ്രാഫിയും മിക്സ്ചെയ്ത നല്ല സിനിമകൾ മലയാളത്തിൽ തിയേ റ്ററുകൾ നിറഞ്ഞ് മാസങ്ങൾ ഓടുന്നതും കേരളീയ ജന തക്ക് സുപരിചിതമാണ്. ഫ്രണ്ട്സ്, ക്ലാസ്സ്മേറ്റ്സ്, ചോക്ലേറ്റ്, കസ്തൂരിമാൻ എന്നീ സിനിമകൾ സാമാന്യം മുന്തിയനിലയിൽതന്നെ കേരളത്തിൽനിന്ന് പണം വാരിയ മലയാളസിനിമകളാണ്.

ഒരു മലയാളസിനിമ പരാജയപ്പെടുമ്പോൾ നായ കനേയോ നായികയേയോ സംവിധായകനേയോ തിര


























ക്കഥാകൃത്തിനേയോ പഴിചാരി പരസ്പരം നല്ലപിള്ള ചമയാൻ മിനക്കെടാനുള്ള മിടുക്കു കാണിക്കാതെ കാര്യഗൗരവപൂർവ്വം പരാജയങ്ങൾ ഉൾക്കൊള്ളുകയാണ് സിനിമക്കാർ ചെയ്യേണ്ടത്. വർഷാവർഷം ഓരോ മെഡലും നെഞ്ചിൽ വെച്ചുകുത്തി ബഹുമതി പത്രവുമായി എനിക്കാണ് അവാർഡ് ലഭിച്ചതെന്ന് കൂകിവിളിക്കുന്ന സിനിമക്കാർ ഓർക്കുക; ഒരു സംസ്ഥാനത്തിന് കോടികൾ ടാക്സായി നൽകുന്ന ഒരു വ്യവസായത്തെ സന്തോഷിപ്പിക്കാൻ ഏതൊരു സർക്കാരും വർഷാവർഷം നെഞ്ചിൽ മെഡൽ കുത്തിതരും. അതിൽനിന്ന് പോസിറ്റീവായി തന്നെക്കുറിച്ച് വിലയിരുത്തുന്നതിനു പകരം സിനിമാ ആസ്വാദകർ നിങ്ങളുടെ സിനിമയെ എങ്ങനെ സ്വീകരിച്ചു എന്നതാണ് നിങ്ങൾക്ക് ലഭിക്കുന്ന ശരിയായ അവാർഡും ബഹുമതിയും എന്ന നിലപാടെടുക്കുകയും സിനിമാ വ്യവസായം പരിപോഷിപ്പിക്കുകയുമാണ് വേണ്ടതെന്ന് ഉദാത്തമായി ഓർമിക്കുകയാണ് സിനിമക്കാർ ചെയ്യേണ്ടത്. ■





ലേഖനം



# കാശ്മീർ പ്രശ്നത്തിൽ ഇന്ത്യയുടെ ഭൂപ്രദേശത്ത് പാക്കിസ്ഥാൻ ഇനിയും ഒരു ഇന്ത്യ-പാക്ക് സംഘർഷം അവലംബിക്കുകയോ ഇന്ത്യയിലെ സമാധാന അന്തരീക്ഷം കെടുത്തുകയോ അരുത്.

(നക്ഷത്രരാജ്യം ലക്കം 2014 ഒക്ടോബർ 22 മുതൽ നവംബർ 21 വരെ)

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**

കാശ്മീർ പ്രസ്നത്തിൽ ഇന്ത്യയുടെ ഭൂപ്രദേശത്ത് പാക്കിസ്ഥാൻ ഇനിയും ഒരു ഇന്ത്യ-പാക്ക് യുദ്ധനയം അവംലംബിക്കാമോ?... സമാധാന പ്രിയരായ രാഷ്ട്രങ്ങളിലെ ഭരണ നേതാക്കളുടേയും ജനങ്ങളുടേയും അഭിപ്രായം പാടില്ല എന്നു തന്നെയാണ്. യുദ്ധത്തിന്റെ നിഴലിൽ പാക്കിസ്ഥാൻ പാക്ക് ജനതയേയും ഇന്ത്യൻ ജനതയേയും ദുരിതത്തിലാക്കുകയും മാനസികമായി പീഢിപ്പിക്കുകയും ചെയ്യുകയാണ്. മുൻകാല യുദ്ധങ്ങളെക്കുറിച്ചും യുദ്ധക്കെടുതിയെക്കുറിച്ചും സൈന്യത്തിന്റെ ബലത്തിൽ ഭരണത്തിലേറുന്ന പാക്കിസ്ഥാൻ ഭരണ നേതൃത്വം ബോധവാന്മാരാകണം. ജപ്പാനേയും ഗാസയേയും വിയറ്റ്നാമിനേയും കുറിച്ച് ചിന്തിക്കണം, സ്വന്തം രാജ്യത്തുണ്ടാകുന്ന അഭ്യന്തര യുദ്ധത്തിൽനിന്ന് തലയൂരാൻ അയൽരാജ്യമായ ഇന്ത്യയുമായി സംഘർഷത്തിലേറുന്ന പ്രവണത ഇന്ത്യയുമായുള്ള അകൽച്ചക്കും ഒരു ശീതസമരക്കെടുതി മൂർധന്യത്തിനു തന്നേയും വഴി തുറന്നിടലാവും രണ്ടു രാജ്യങ്ങൾക്കും. പ്രത്യേകിച്ച് അഭ്യന്തരസമരത്തിനാൽ അരക്ഷിതമായ ഭരണനേതൃത്വമുള്ള പാക്കിസ്ഥാന്. ഒരു യുദ്ധം കഴിഞ്ഞാൽ ഏതൊരു രാജ്യത്തും അവശേഷിക്കുന്നത് ദുരിതം, ദാരിദ്യം, മരണവൃത്താന്തങ്ങൾ, മാറാരോഗങ്ങൾ, പാർപ്പിട പ്രശ്നങ്ങൾ ഇങ്ങനെപോകുന്നു ഇതിന്റെ പട്ടിക. ഉദാഹരണത്തിന് ഏഷ്യ, യൂറോപ്പ് ആഫ്രിക്ക, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക; (അന്റാർട്ടിക്ക ഒഴിച്ചുള്ള അഞ്ചു ഭൂഖണ്ഡങ്ങ



ളിലും ജനങ്ങൾ യുദ്ധക്കെടുതി അനുഭവിച്ചവരാണ്). അന്റാർട്ടിക്ക മഞ്ഞുമൂടിക്കിടക്കുന്നതുകൊണ്ട് ജനവാസമില്ല. അവിടെ യുദ്ധവും സംഘർഷവുമില്ല. ഒന്നാം ലോകമഹായുദ്ധം, രണ്ടാം ലോകമഹായുദ്ധം, വിയറ്റ്നാം യുദ്ധം, ഇന്ത്യ പാക്ക് യദ്ധം, ഇറാക്ക് യുദ്ധം, തമിഴ് വംശജർക്കെതിരെയുള്ള ശ്രീലങ്കൻ യദ്ധം ഇതെല്ലാം സംഭവിച്ചപ്പോൾ നമുക്കറിയാം അവിടങ്ങളിലെ ജനങ്ങൾ എത്രമാത്രം ദുരിതങ്ങളനുഭവിച്ചിട്ടുണ്ടെന്ന്. ഇന്നിതാ ഇസ്രായേൽ ഗാസയിൽ ബോംബും പീരങ്കി ഷെല്ലുകളും വർഷിച്ച് അവിടത്തെ സാധാരണക്കാരായ പാവപ്പെട്ട മനുഷ്യരെ കൊന്നൊടുക്കുന്നു. രണ്ടാം ലോകമഹായുദ്ധത്തിൽ നാസി ജർമ്മനിയുടെ ഹിറ്റ്ലറേയും ജപ്പാനേയും മറ്റും അടിച്ചമർത്താൻ ജപ്പാനിലെ ഹിരോഷിമയിലും നാഗസാക്കിയിലും ഇംഗ്ലണ്ട് ഉൾപ്പെടെയുള്ള ഐക്യകക്ഷികൾ വർഷിച്ച അണുബോംബിന്റെ പരിണിതഫലമായി ജപ്പാനിലെ സ്ത്രീകളുടെ ഗർഭസ്ഥ ശിശുക്കൾക്ക് അംഗവൈകല്യം, പരിപൂർണ്ണ വളർച്ചയെത്താതെയുള്ള പ്രസവം, കുഞ്ഞുങ്ങൾക്ക് മഹാരോഗങ്ങളും, മാറാരോഗങ്ങളും ഇക്കാലങ്ങളിലും അനുഭവിക്കുന്നുണ്ട് പോലും. പത്തൊൻപതു വർഷം നീണ്ട വിയറ്റ്നാം യുദ്ധത്തിൽ അമേരിക്കൻ സേന വടക്കൻ വിയറ്റ്നാമിനെതിരെ തെക്കൻ വിയറ്റ്നാം പക്ഷത്തു ചേർന്ന് അവിടത്തെ ജനങ്ങൾക്ക് കുറച്ചൊന്നുമല്ല യുദ്ധക്കെടുതി മൂലമുള്ള അവശത യുണ്ടാക്കിയത്. വിയറ്റ് നാം ചുണക്കുട്ടികളുടെ ഒളിപ്പോരിനു മുമ്പിൽ പകച്ചുപോയ അമേരിക്ക യുദ്ധം വിജയിക്കുന്നതിനു മുമ്പേ യുദ്ധം നിർത്തി നാണംകെട്ടു പിൻവാങ്ങുകയായിരുന്നു വിയറ്റ്നാമിൽനിന്ന്. ഇന്ത്യയിൽ ശ്രീമതി ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി അവരോധിക്കപ്പെട്ടശേഷം 1971 ൽ മുജീബ്റഹ്മാന്റെ നേതൃത്വത്തിലുള്ള ബംഗ്ലാദേശ് സ്വാതന്ത്ര സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചും ഇന്ത്യയിലേക്കുള്ള ബംഗ്ലാദേശ് അഭയാർത്ഥികളുടെ വരവ് വർദ്ധിക്കുകയും ചെയ്തപ്പോൾ പാക്കിസ്ഥാനുമായി ഇന്ത്യ യുദ്ധത്തിൽ ഏർപ്പെടുകയും ഇന്ത്യ യുദ്ധവിജയം നേടിയശേഷം കീഴടക്കിയ ഡാക്കയിൽവെച്ച് സ്വയം വെടി നിർത്തുകയും ചെയ്തുകൊണ്ട് ബംഗ്ലാദേശിന്റെ സ്വാതന്ത്ര്യസമര വിജയത്തിന് പ്രധാന പങ്കുവഹിച്ചിരുന്നു. അതിന്റെ പ്രതികാരമായാണല്ലോ പാക്കിസ്ഥാൻ ഇന്ത്യയെ വിഭജിക്കാനുള്ള ശ്രമങ്ങൾക്ക് കാശ്മീരിലും മറ്റും





ചുക്കാൻ പിടിക്കുന്നത്. എല്ലാ യുദ്ധത്തിലും ഒരു പക്ഷം അല്ലെങ്കിൽ ഒരു രാജ്യം ജയിക്കുകതന്നെ ചെയ്യും. പക്ഷേ ജയിച്ച രാജ്യത്തുള്ള ജനങ്ങളും പരാജയപ്പെട്ട രാജ്യത്തുള്ള ജനങ്ങളും ഒരുപോലെ യുദ്ധക്കെടുതി അനുഭവിക്കുന്നുമുണ്ട്. ഇന്ത്യക്കാർ ഏർപ്പെട്ട യുദ്ധങ്ങളൊന്നും അനാവശ്യങ്ങൾക്കായിരുന്നില്ലെന്ന് നമുക്കറിയാം. എങ്കിലും വിജയിച്ചു എന്നു പറയുന്ന രാഷ്ട്രങ്ങളും പാക്കിസ്ഥാനുമായി യുദ്ധത്തിലേർപ്പെട്ട നമ്മളും(ഇന്ത്യയും)തനിക്കോ തന്റെ രാഷ്ട്രത്തിനോ വരുത്തിവെച്ച നാശനഷ്ടങ്ങളെക്കുറിച്ചും യുദ്ധക്കെടുതിയെക്കുറിച്ചും മരണനിരക്കിനെക്കുറിച്ചും അസമാധാനാവസ്ഥ.യെക്കുറിച്ചും ചിന്തിക്കാറില്ല. എന്തുകൊണ്ടും യുദ്ധമില്ലാത്ത സമാധാനമുള്ള സ്നേഹമുള്ള രാജ്യത്ത് ജീവിക്കുന്നത് തന്നെയാണ് ജീവജാലങ്ങൾക്കും മനുഷ്യർക്കും അഭികാമ്യം. ഇന്നിപ്പോൾ ഇനിയുള്ള നാളുകളിലും നൂറ്റാണ്ടുകളിലും ദശാബ്ദങ്ങളിലും വർഷങ്ങളിലും നിമിഷങ്ങളിൽപോലും സമാധാനമുണ്ടാകുന്ന ജീവിതം ഉണ്ടാകുമെന്ന് ആരും വിശ്വസിക്കുന്നില്ല. അതുകൊണ്ടുതന്നെ വരും നാളുകൾ എല്ലാരാഷ്ട്രങ്ങൾക്കും യുദ്ധമില്ലാത്ത സമാധാനത്തിന്റെ ക്ഷേമകാലമാവട്ടെയെന്ന് രാഷ്ട്രതലവൻമാർ ഓരോരുത്തരും പ്രതിജ്ഞചെയ്യണമെന്ന് സമാധാനകാംക്ഷികളായ നമുക്കോരോരുത്തർക്കും ഈശ്വരനോട് പ്രാർത്ഥിക്കാം. ■

(ലേഖനം) നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ



**(നക്ഷത്രരാജ്യം ലക്കം 2014 ജൂലൈ 30**

**മുതൽ ആഗസ്റ്റ് 29 വരെ)**

# നാടുണർന്ന നാടകങ്ങളിലൂടെ

# കാട്ടുകടന്നൽ ആർതർ ബാബുപറശ്ശേരി

# അരങ്ങിലും രാഷ്ട്രീയത്തിലും



ബാബുപറശ്ശേരി

ശരീരമാകെ വെട്ടേറ്റപാടുകൾ-നിറയെ കരിയാത്ത മുറിവുകളും ഇടതുകൈയ്യ്ക്കും വലതു കാലിനും സ്വാധീനമില്ലാഞ്ഞിട്ടും ജ്വലിക്കുന്നകണ്ണുകളുമായി അർപ്പണബോധത്തോടുകൂടി പൊരുതി മുന്നേറുന്ന നായകൻ. ഭരണകൂടം തന്നെ ഏതുനിമിഷത്തിലുംവെടിവെച്ചു കൊല്ലുമെന്നറിഞ്ഞിട്ടും തന്റെ ലക്ഷ്യത്തിൽ നിന്നും പിൻമാറാതെ പുഞ്ചിരിച്ചുകൊണ്ട് വെടിയുണ്ടനെഞ്ചിലേറ്റുവാങ്ങിയ വിപ്ലവകാരി-ആർതർ! പ്രേക്ഷകരുടെ മുക്തകണ്ഠ പ്രശംസയും സംസ്ഥാന ഗവമ്മേണ്ടിന്റെ 87-ലെ മികച്ച നടനുള്ള അവാർഡും നേടിയ കാട്ടുകടന്നൽ എന്ന നാടകത്തിലെ ആകഥാപാത്രത്തെ അവിസ്മരണിയമാക്കിയത് പ്രശസ്ത നാടക നടനും സംവിധായകനുമായ ബാബു പറശ്ശേരിയാണ്. "കാട്ടുകടന്നൽ"എന്ന നാടകത്തിലെ നായകനായ വിപ്ലവക്കാരി ആർതർ ഇന്നു ജീവിക്കുന്നത് ബാബു പറശ്ശേരിയിൽക്കൂടെയാണ്.

എയ്ഥൽ ലിലിയൻ വോയിനിച്ചിന്റെ ഗാഡ്ഫ്ളൈ എന്ന ഇംഗ്ലീഷ് നോവലിൽ ചലനം സൃഷ്ഠിക്കുന്ന നായകനാണ് ആർതർ. ഗാഡ്ഫ്ളൈയുടെ നാടകാവിഷ്ക്കരണമാണ് കാട്ടുകടന്നൽ. പി.ഗോവിന്ദപിള്ള വിവർത്തനം ചെയ്ത ഈ നോവൽ പപ്പൻ വള്ളിക്കാടാണ് അരങ്ങത്തെത്തിച്ചത്. പ്രൊ.എം.പി. ശ്രീധരനും, എം. കുഞ്ഞാണ്ടിയും ചേർന്നു സംവിധാനം ചെയ്ത ഈ നാടകം അരങ്ങത്തൊരു സംവാദംതന്നെ അഴിച്ചു വിട്ടിട്ടുണ്ട്. കാട്ടുകടന്നലിൽ, ആർതർ എന്ന വിപ്ലവകാരിയെ രണ്ടു ഘട്ടമായിട്ടാണ് ബാബു പറശ്ശേരി അവതരിപ്പിച്ചത്. ആർതറിന്റെ ചെറുപ്പകാലവും വിദ്യാർത്ഥി ജീവിതവും ആദ്യം. പിന്നെ പതിനാലുവർഷത്തിനുശേഷം കുരുക്ഷേത്രത്തിൽ നിൽക്കുന്നവിപ്ലവകാരി. വിശ്വാസിയാര് അവിശ്വാസിയാര് എന്നതിനെക്കുറിച്ചുള്ള സംവാദമാണ് കാട്ടുകടന്നലിലെ വിപ്ലവകാരിയായ നായകൻ ആർതർ നാടകത്തിൽക്കൂടി പ്രേക്ഷക മനസ്സിൽ അലകൾ ഉണർത്തിവിട്ടത്.

മനസ്സിൽതാലോലിക്കുന്ന സങ്കൽപ്പങ്ങൾക്കു ജീവൻ പകരുന്ന സുവർണ്ണ നിമിഷങ്ങളാണ് ബാബുവിന് നാടകം. ബാബു അരങ്ങത്തെത്തിച്ചിട്ടുള്ള മിക്ക കഥാപാത്രങ്ങളും അത്തരം സ്വഭാവക്കാരാണ്. സ്വന്തം ജീവിത രീതിക്കും, ജീവിതലക്ഷ്യങ്ങൾക്കും അർത്ഥസമ്പൂർണ്ണതപകരുന്ന കഥാ പാത്രങ്ങൾ.

നാടകത്തെ ഗൗരവമായ ഒരു മാധ്യമായിട്ടാണ് ബാബുകരുതുന്നത്. സാമൂഹിക നന്മക്ക് പ്രതിബന്ധമായ പൊരുത്തക്കേടുകളോടും അസമത്വങ്ങളോടും പ്രതികരിക്കുക എന്നതാണ് കലാകാരന്റെ ദൗത്യം. ശുദ്ധകലാകാരനായി ജീവിക്കുന്നതിനേക്കാൾ സമൂഹവുമായി പൊരുത്തപ്പെട്ടു ജീവിക്കുന്നതാണ് അഭികാമ്യം.




നാടകവും രാഷ്ട്രീയവും ഇതു രണ്ടും പൊരുത്തപ്പെടുത്തി കൊണ്ടുപോവാനാണ് എനിക്കിഷ്ടം. പൊതുപ്രവർത്തനത്തിന്റെ ഭാഗമായിട്ടാണ് നാടകരംഗത്ത് ഉറച്ചു നിൽക്കുന്നത്.നാടകത്തെമാറ്റത്തിന്റെ പങ്കാളിത്തം വഹിക്കുന്ന വേദിയായിട്ടാണ് ഞാൻ കാണുന്നത് ബാബു അദ്ദേഹത്തിന്റെ മനസ്സ് തുറന്നു.

കോഴിക്കോട് ജില്ലയിലെ ഇരിങ്ങല്ലൂരിൽ 1952-ലാണ് ബാബു ജനിച്ചത്. അച്ഛൻ പറശ്ശേരി അയ്യച്ചൻ. അമ്മ ഇടത്തേരി ദേവി. ഇരിങ്ങല്ലൂർ, ദേവഗിരി, മാങ്കാവ് എന്നീ സ്ക്കൂളുകളിൽ പഠിക്കുമ്പോൾ സംഘടനാ പ്രവർത്തനമുണ്ടായിരുന്നു. പിന്നെ സ്ക്കൂൾ വിട്ടു മുഴുവൻ സമയവും പൊതുപ്രവർത്തനത്തിൽ മുഴുകി. ഭാര്യ സുകുമാരി ഫറോക്ക് കോ-ഓപ്റേറ്റ് ബാങ്കിൽ ഉദ്യോഗസ്ഥ. മക്കൾ അപർണ്ണ, അഖില.

ഇരിങ്ങല്ലൂർ നവകേരള വായനശാലയുടെ നാടകങ്ങളിലൂടെയാണിദ്ദേഹം കലാരംഗത്തെത്തിയത്. തീപിടിച്ച ആന്മാവ്, പർവസന്ധി, സമസ്യ, പതനം എന്നി നാടകങ്ങളിൽ വായനശാലക്കു വേണ്ടി അഭിനയിച്ചു. തുടർന്നു കുന്നത്തുപാലം ചെറുകാട് ആർട്സ് സെന്ററിന്റെ സമാവർത്തനം, കാളിഗ്രാമം, ഫിനിക്സ് എന്നി നാടകങ്ങൾ സംവിധാനം ചെയ്യുകയും അഭിനയിക്കുകയും ചെയ് തു.

ആദ്യ പ്രൊഫഷനൽനാടകം 1978-ലാണ്. കോഴിക്കോട് സംഗമം തിയേറ്റേഴ്സ് അവതരിപ്പിച്ച ഗോപുരനടയിൽ. തുടർന്നു സംഗമത്തിന്റെ സ്ഥിരംനടനായി. മറ്റൊരു പ്രൊഫഷനൽ ട്രൂ പ്പിലും അഭിനയിച്ചിട്ടില്ല.

എം.ടി.വാസുദേവൻ നായർ രചനയും സംവിധാനവുംനിർവ്വഹിച്ച ഗോപുരനടയിൽ എന്ന നാടകത്തിൽ ആദ്യം ചെറിയൊരു റോളിലാണ് അഭിനയിച്ചത്-ഒരു തെരുവുപോക്കിരിയുടെ വേഷം. പിന്നെ ആ നാടകത്തിൽ മുതലാളിയായി അഭിനയിച്ചു. ഒടുവിൽ നായകനായ നരൻ. തെരുവുപോക്കിരി-യുടെ റോളിൽ നിന്ന് നരനിലേക്കുള്ള വളർച്ച ബാബുവിന്റേയും വളർച്ചയായിരുന്നു. ഗോപുരനടയിൽ മികച്ച അവതരണത്തിനും രചനയ്ക്കുമുള്ള അവാർഡുകൾ നേടിയെടുത്തു.

സംഗമത്തിൽതിക്കോടിയന്റെ മഹാഭാരതമാണ് രണ്ടാമത്തെ നാടകം. എം.ടി.വാസുദേവൻ നായർ സംവിധാനം ചെയ്ത ഈനാടകത്തിൽ കാലികജീവിത പ്രസക്തിയുള്ള യാഥാസ്ഥിതികത്വത്തെ എതിർക്കുന്ന ശ്രീകുമാർ എന്ന കഥാപാത്രത്തെയാണവതരിപ്പിച്ചത്. മഹാഭാരതം മികച്ച അവതരണത്തിനും സംവിധാനത്തിനും രചനയ്ക്കും നടനും (വിക്രമൻ നായർ) ഉള്ള അവാർഡുകൾ വാരിക്കൂട്ടി.

വിക്രമൻ നായർ സംവിധാനം ചെയ്ത ഇനിയും ഉണരാത്തവർ എന്ന നാടകത്തിൽ വിപ്ലവകാരിയുടെ വേഷമായിരുന്നു. രവി എന്ന നക്സൽ.വികലമായഅറിവുള്ള, തൊഴിലില്ലാത്ത ഒരു ചെറുപ്പക്കാരന്റെ കഥയാണ് ജമാൽ കൊച്ചങ്ങാടിയുടെ ഈനാടകം. ചെറുപ്പക്കാരന് ഒടുവിൽ ബോദ്ധ്യം വരുന്നു- മാറ്റം സംഘടിത ശക്തിയിലൂടെ മാത്രമേ സാദ്ധ്യമാകൂ എന്ന്. രവി ഒടുവിൽ വെടിയേറ്റു മരിക്കുകയാണ്.

നന്ദി വീണ്ടും വരിക എന്ന നാടകത്തിൽ ബാബുവിന് വ്യത്യസ്ഥമായ ഒരു റോളായിരുന്നു. കെ.എം. രാഘവൻ നമ്പ്യാരുടെ രചന. വിക്രമൻ നായർ സംവിധാനം ചെയ്ത ഈ നാടകത്തിൽ കേന്ദ്രകഥാപാത്രമായ മുതലാളി യെയാണ് അവതരിപ്പിച്ചത്. എസ്റ്റേറ്റുടമയായ മുതലാളി തന്റെ കീഴിൽ ജോലിചെയ്യുന്ന സ്ത്രീകളോട് ക്രൂരമായി പെരുമാറി പണത്തിന്റെ അഹങ്കാരം കാട്ടുന്ന കഥാപാത്രം. സ്ത്രീശക്തി ഉണരണമെന്ന സന്ദേശമാണ് നാടകം ആഹ്വനം ചെയ്തത്.

1995-ൽ നാടക രംഗം വിട്ട് ഒളവണ്ണ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ടായി. തുടർന്ന് 2000വരെനാടകം അദ്ദേഹത്തിന്റെ മനസ്സിൽ മാത്ര മായിരുന്നു. വീണ്ടും അമേചർ നാടകത്തിലെ ത്തിയ ബാബു ഇബ്രാഹിം വേങ്ങരയുടെ ബദ റുൽ മുനീർ, ഹുസ്നുൽ ജമാലിൽ ബദറുൽ മുനീ റിന്റെ ബാപ്പയായി അഭിനയിച്ചു. 2012-ലെ സി. പി.എം.പാർട്ടി കോൺഗ്രസ്സിന് കാട്ടുകടന്നൽ നാടകം ഒന്നരമണിക്കൂറായി ചുരുക്കി അരങ്ങി ലെത്തിച്ചു. ഓണാഘോഷത്തിന് ടൗൾഹാളിലും ഈ നാടകം അരങ്ങേറി.

ഏതാനും സിനിമകളിലും ടി.വി.പരമ്പര കളിലും അഭിനയിച്ചെങ്കിലും ബാബു പറശ്ശേരിക്ക് തൃപ്തി നൽകിയത് നാടകം മാത്രമാണ്. വിവിധ മേഖലകളിലായി പത്തിലേറെ പദവികളിൽ സജീ വമായിരിക്കെയാണ് ഈ കലോപാസന എന്നു മോർക്കണം.

ഇപ്പോഷത്തെ പ്രോഫഷനൽ നാടകങ്ങ ളിൽ ഒരു ചീത്ത പ്രവണത വളർന്നു വരുന്നതായി ബാബു അഭിപ്രായപ്പെട്ടു. ദുർബല വികാരങ്ങളെ ചൂഷണം ചെയ്യുന്ന പൈങ്കിളി നാടകങ്ങളെ ജന ങ്ങൾ ത്യജിക്കണം. ഇത്തരം നാടകങ്ങൾ മാറ്റ ത്തിനു പങ്കാളിത്തം വഹിക്കാതെ സമൂഹത്തെ പിന്നോട്ടു വലിക്കുന്നു. സാമൂഹ്യ വളർച്ചക്ക് സഹായകമാകുന്ന നാടകങ്ങളാണ് കാലത്തിന്റെ ആവശ്യം....

നാടകരംഗത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാറിനോടു ബാബുവിനൊരപേക്ഷയുണ്ട്. സർക്കാർ മത്സരം മാത്രം നടത്തിയാൽപോര. കേരളത്തിൽ ഇപ്പോൾ ഈ രംഗത്തു ഫുൾടൈം പ്രവർത്തിക്കുന്ന ആയിരത്തിലധികം കലാകാ രൻമ്മാരുണ്ട്. നാടക സീസനെ മാത്രം ആശ്രയിച്ച് ജീവിക്കുന്ന ഫുൾടൈം കലാകാരൻമാർക്ക് മറ്റൊരു സാമ്പത്തിക വരുമാനവുമില്ല. നാടകരചയിതാക്കളും ഗാനരചയിതാക്കളും സംവിധായകരും പണംമുടക്കുന്നവരും ഉൾപ്പെടെ ഇവർ ഇരിപത്തിനാലു മണിക്കൂറും യാത്രയാണ്. ചിലർക്ക് അപകടം പിണയുന്നു. ചിലർ മരി ക്കുന്നു. കലാകാരന്മാർക്കും അവ രുടെ കടംബങ്ങൾക്കും ഇങ്ങനെ പല പ്രയാസ ങ്ങളുമുണ്ട്. മാസംതോറും അവർക്ക് മാന്യ മായവിധത്തിൽ ജീവിക്കാനുള്ള ധനസഹായം നൽകി ഭാവി ജീവിതം സംരക്ഷിക്കപ്പെടേണ്ടവ രാണെന്ന് ഓർമ്മിപ്പിക്കുന്നു.... ■

തിക്കോടിയന്റെ മാന്ത്രികച്ചെണ്ടയിൽ ബാബു ഒരു സാമൂഹ്യ കഥാപാത്രമായിരുന്നു. വനനശീകരണത്തിനെതിരെ ജനങ്ങളെ സംഘ ടിപ്പിക്കുന്ന യുവാവ്. തിക്കോടിയന്റെ തമ്പു രാന്റെ പല്ലക്കിൽ ഉണ്ണിയെന്ന കഥാപാത്രത്തെ യാണവതരിപ്പിച്ചത്. ഫോർമാലിറ്റികളിൽ വിശ്വ സിക്കാത്ത കഥാപാത്രം. വ്യത്യസ്തമായ ശൈ ലിയിൽ എഴുതപ്പെട്ട ഈ നാടകത്തിനു മികച്ച അവതരണത്തിനും രചനയ്ക്കുമുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്.

കെ.എം.രാഘവൻ നമ്പ്യാരുടെ മരി യ്ക്കാൻ മനസ്സില്ല എന്ന നാടകത്തിൽ വൃദ്ധ നായ തൊഴിലാളി പ്രവർത്തകൻ അപ്പു വിനെയാണ് ബാബു ശ്രദ്ധേയമാക്കിയത്. തൊഴി ലാളി പ്രസ്ഥാനത്തിൽനിന്ന് അകന്ന് വർഗീയ സംഘടനയിൽ എത്തുന്ന ആളുകളെ തിരിച്ചു തൊഴിലാളി പ്രസ്ഥാനത്തിലേക്കു കൊണ്ടുവരുന്ന കഥാപാത്രം. പുന്നപ്ര-വയലാർ സംഭവവുമായി ബന്ധമുള്ള ഒരു തൊഴിലാളി യാണ് അപ്പു. ആസമരത്തിന്റെ തീവ്രത മുഴുവൻ ഉൾകൊള്ളാൻ ബാബുവിനു കഴിഞ്ഞു.

പ്രൊഫഷനൽ നാടകരംഗത്തു വിക്രമൻ നായരാണ് എന്റെ ഗുരു. ഗോപുരനടയിൽ എന്ന നാടകം മുതൽ രണ്ടു പതിറ്റാണ്ടു കാലം ഞാൻ സംഗ മത്തിൽ ഉറച്ചുനിന്നു. ഓരോവർഷവും ഓരോ നാട കങ്ങളാണ് സമിതി രംഗത്തെത്തിച്ചത്. പലതിലും പ്രധാന കഥാപാത്രങ്ങളെത്തന്നെ എനിക്കു കിട്ടി. ഓരോന്നും ഇരുന്നൂറോളം വേദികളിൽ നിറഞ്ഞു കളി ച്ചു. അദ്ദേഹം പറയുന്നു. ഗോപുരനടയിൽ, മഹാഭാ രതം, ഇനിയും ഉണരാത്തവർ, പെൺകൊട, നന്ദി വീണ്ടം വരിക, മാന്ത്രികച്ചെണ്ട, തമ്പുരാന്റെ പല്ലക്ക്, മരിക്കാൻ മനസ്സില്ല, കാട്ടുകടന്നൽ, സൂര്യഗ്രഹണം, സമർപ്പണം, പാടിക്കുന്ന്, അച്യുതന്റെ സ്വപ്നം തുട ങ്ങിയ ബാബുവിനെ ശ്രദ്ധേയനാക്കിയ സംഗമം നാട കങ്ങളിൽ പ്രധാനമാണ്.

അച്യുതന്റെ സ്വപ്നത്തിൽ അഭിനയിക്കുമ്പോൾ ബാബു ജില്ലാ കൗൺസിൽ സ്ഥാനാത്ഥിയായി നാടകം വിട്ട് ജില്ലാകൗൺസിൽ അംഗമാ ടെയങ്കിലും തുടർന്നുവന്ന സർക്കാർ കൗൺസിൽ പിരിച്ചുവിട്ടു. തിരികെ സംഗമത്തി ലേക്ക് പോകാതെ കോഴിക്കോട് മലബാർ തിയ റ്റേഴ്സ് എന്ന സ്വന്തം സമിതി അദ്ദേഹം തുടങ്ങി. 1992 മുതൽ കയ്യൂരിന്റെ മക്കൾ, ഭരണ കൂടം, സമകാലം എന്നി നാടകങ്ങൾ സമിതി അവതരിപ്പിച്ചെങ്കിലും സമിതി നഷ്ടത്തിലായി, നിലച്ചു.

ലേഖനം

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ



# പൊതുജനസമ്പർക്കം (പബ്ലിക്ക് റിലേഷൻ)



ഒരു ഡ്രൈവറെകുറിച്ച് പറയുകയാണെങ്കിൽ, പൊതുജനങ്ങളുമായി ഏറ്റവും കൂടുതൽ ഇടപഴകേണ്ട വ്യക്തികളാണ് ഡ്രൈവർമാർ. ഡ്രൈവിങ്ങ് തൊഴിലായി സ്വീകരിച്ചവർ മാത്രമല്ല മറ്റു തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരും വാഹനം ഓടിക്കുമ്പോൾ ഒരു ഡ്രൈവർ മാത്രമാണ്.

ഡ്രൈവറുടെ സ്വഭാവവും പെരുമാറ്റരീതിയും എങ്ങിനെയായിരിക്കണമെന്ന് വാഹനനിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്രമോട്ടോർ വെഹിക്കിൾസ് റൂൾ 21-ലും കേരളമോട്ടോർവെഹിക്കിൾസ് റൂൾ 46-ലും വളരെയധികം പെരുമാറ്റരീതികളെകുറിച്ച് പ്രതിപാദിക്കുന്നുണ്ട്. അവരുടെ രത്ന ചുരുക്കം പൊതുജനത്തിന് ശല്യമോ അപകടമോ ഉണ്ടാകുന്ന രീതിയിലുള്ള ഒരു പെരുമാറ്റവും ഡ്രൈവറുടെ ഭാഗത്ത് നിന്ന് ഉണ്ടാകാൻ പാടില്ലായെന്നുള്ളതാണ്. ഡ്രൈവറുടെ പെരുമാറ്റദൂഷ്യം ലൈസൻസ് റദ്ദുചെയ്യപ്പെടുന്നതിനും പിന്നീട് ലൈസൻസ് കിട്ടുന്നതിന് അയോഗ്യത കല്പിക്കുന്നതിനുപോലും മതിയായ കാരണമാണ്. വസ്തുതകൾ ഇതൊക്കെയാണെങ്കിലും വളരെ മോശമായ പെരുമാറ്റമാണ് മിക്ക ഡ്രൈവർമാരിൽ നിന്നും ഉണ്ടാകുന്നത്. റോഡിന് ഇടതും വലതും വശങ്ങളിൽ കൂടിപോകുന്ന വാഹനത്തിന്റെ നടുവിൽ റോഡ് ക്രോസ്സ് ചെയ്യുന്നതിനിടയിൽ എത്തിചേർന്നു കാൽനടയാത്രകാരനെ പോലും മുറിച്ചുകടക്കാൻ അനുവദിക്കാതെ വാഹനം ഓടിക്കുന്നവരാണ് ഡ്രൈവർമാരിൽ മഹാഭൂരിപക്ഷവും എന്നതു വേദകരം തന്നെയാണ്. നിങ്ങൾ ഓർക്കുക ഡ്രൈവിംങ്ങ് പഠനകാലം വ്യക്തിത്വവികസനത്തിനും സ്വഭാവരൂപികരണത്തിനും കൂടി പ്രയോജനപ്പെടുന്നതാവണം. ഒരു ഡ്രൈവർ നല്ല വ്യക്തിത്വത്തിന് ഉടമയായിരിക്കണം എന്നതു നിർബന്ധംതന്നെയാണ്. റോഡുപയോഗിക്കുന്ന മറ്റുള്ളവരോട് കരുതലും സഹാനുഭൂതിയും ഉണ്ടാകണം. റോഡിലെ സൗകര്യങ്ങൾ പങ്കിടാൻ മനസുതോന്നണം. ഒരു നല്ല ഡ്രൈവർതോന്നണ്ടാതായ സ്വഭാവവൈശിഷ്ട്യങ്ങളാണിതെല്ലാംമെന്ന് ഓർത്തുകൊണ്ട് ഡ്രൈവിങ്ങിൽ ഏർപ്പെടുക. അപായമോ മന:ചാഞ്ചല്യമോ ഇല്ലാതെ വാഹനത്തെ ലക്ഷ്യത്തിൽ എത്തിചേർക്കാം നിങ്ങൾക്ക്.

## റോഡുനിയമങ്ങൾ

### (a) രേഖകൾ ഹാജരാക്കൽ (Production of documents)

ഒരു വാഹനം ഓടിക്കുന്നവ്യക്തിതാഴെപറയുന്ന രേഖകൾ കൈവശം വയ്ക്കണം.

1. ഡ്രൈവിങ്ങ് ലൈസൻസ്
2. രജിസ്ട്രേഷൻ സർട്ടിഫിക്കേറ്റ്
3. ടാക്സേഷൻ സർട്ടിഫിക്കേറ്റ്(ടാക്സ് ലൈസൻസ്)
4. ഇൻഷൂറൻസ് സർട്ടിഫിക്കേറ്റ്
5. പൊലൂഷൻ അണ്ടർ കൺട്രോൾ സർട്ടിഫിക്കേറ്റ് (PUCC)
6. ട്രാൻസ്പോർട്ടു വാഹനമാണെങ്കിൽ ഇവകൂ

ടാതെ പെർമിറ്റും
7. ഫിറ്റ്നസ് സർട്ടിഫിക്കേറ്റ്
(b) യൂണിഫോമിലുള്ള പോലീസ് ഓഫിസർ, മോട്ടോർ വാഹന വകുപ്പിലെ ഓഫിസർ, ഗവൺമെന്റ് അധികാരികളിൽപ്പെടുന്ന മറ്റേതെങ്കിലും ഓഫിസർ എന്നിവർ ആവശ്യപ്പെട്ടാൽ നിങ്ങൾ അസ്സൽ പ്രമാണങ്ങൾ (documents) പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്.
(നിയന്ത്രണമില്ലാതെ വേഗത്തിൽ വാഹനമോടിക്കുന്നതും പെട്ടെന്നുള്ള ബ്രേക്കിന്റെ ഉപയോഗവും- ശരിക്കുള്ള സിഗ്നൽ കൊടുക്കുന്നതിൽ അപാകതയുണ്ടാകുന്നതും- വാഹനത്തെ കുലുക്കി ഓടിക്കുന്നതും- തെറ്റായവഴിയിലൂടെ ചെയ്യുന്നതും- അശ്രദ്ധമായി വാഹനം സ്റ്റാർട്ടു ചെയ്യുന്നതും. സിഗ്നലിനെ അവഗണിക്കുന്നതും അപകടം പറ്റുംവിധം ലൈൻമാറി പോകുന്നതും- ആവശ്യമില്ലാത്ത വഴക്കിടലും- വെളിച്ചം വേണ്ടപ്പോൾ ലൈറ്റിടാതെ വാഹനം ഓടിക്കുന്നതും റോഡപകടങ്ങൾക്ക് കാരണമാകാറുണ്ട്. നിങ്ങളുടേയും നിങ്ങളുടെ വാഹനത്തിലിരിക്കുന്നവരുടേയും ജീവൻ നിങ്ങളുടെ വാഹനത്തെനിയന്ത്രിക്കുന്ന നിങ്ങളുടെ കൈകളിലാണെന്ന് ഓർത്ത് വാഹനമോടിക്കുകയും നിങ്ങളുടെയും വാഹനത്തിലിരിക്കുന്നവരുടേയും വിലപ്പെട്ട ജീവനെ രക്ഷിക്കുകയും ചെയ്യുക.) ■

ലേഖനം

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ



# കേരളം അറിയാതെപോയ സഹൃദയ പ്രഥമാന പദസ്ഥിത പ്രഥിതമുഖ്യജനാഗ്രണി പോൾ കൊള്ളന്നൂരിന്റെ (കവിയുടെ) ഹൃദയ നൊമ്പരം

(നക്ഷത്രരാജ്യം ലക്കം 2013 ജൂലായ് 30 മുതൽ ആഗസ്റ്റ് 29 വരെ)

**സംഭവാമി യുഗേ യുഗേ**

കലിയുഗത്തിൽ കാണാത്തതു കാണുമെന്നും കേൾക്കാത്തതു കേൾക്കുമെന്നും ഒരു വിധമൊക്കെ മനസ്സിലാക്കി വരികയാണ്. ഞാനെന്നു പറഞ്ഞാൽ മറ്റു ജീവജാലങ്ങളെപ്പോലെ ജീവിച്ചുപോരുന്ന കേവലമേതോ പരമാണുവാണുതാനും. ഇത്രയ്ക്കേ എന്നെക്കുറിച്ച് എനിക്കറിയുകയുള്ളു. ലോകമെമ്പാടും പെരുകി പെരുകിവരുന്ന മനുഷ്യ മഹാസമുദ്രത്തിൽ ഞാനൊരു ജീവി. ഞാനാരുമല്ല. എങ്കിലും എന്റെ ജന്മവാസനയിലെ ഉറവയിൽ നിന്നും ഞാനറിയാതെ ഒഴുകിവന്ന എന്തോ, അതാണെന്റെ കവിതകൾ. ഇങ്ങനെ കവിത എഴുതാൻ തോന്നാതിരിക്കണമെന്നാണ് എന്റെ പക്ഷം. കാരണം ഈ യുഗത്തിന് ചേർന്നവനല്ല ഞാൻ. ഈ കാലഘട്ടത്തിനു യോജിച്ച ചിന്തകളല്ല എന്റേത്.

**'കപടവൃത്തി തുടരും ജനങ്ങളിൽ**
**കപടമെന്നിയേ ശുദ്ധത കാണുമോ?'**

മറ്റുള്ള ചില മനുഷ്യരെപ്പോലെ സ്വരാഷ്ട്രത്തെ മറന്ന് കള്ളക്കടത്തും കള്ളക്കണക്കും, കള്ളപ്പണവും സമ്പാദിക്കുവാൻ വശമില്ല. ഇതു വശമാകാത്തതിൽ ദുഃഖവുമില്ല. പരിമിതമായ കഴിവുകളിൽ ഒതുങ്ങിക്കൂടി ഒരു വിധത്തിൽ ദിവസം തള്ളിനീക്കിപ്പോരുന്നു, ജീവിക്കുന്നു. ഏക നേത്രനായും ഏകനായും ജീവിക്കുന്ന എന്നോടാരും അസൂയപ്പെടാതിരുന്നാൽ കൊള്ളാം.

ഹൃദയനൊമ്പരത്തോടെയുള്ള കവിയുടെ തന്നെക്കുറിച്ചുള്ള കണ്ടെത്തൽ ഏതൊരു കഠിനഹൃദയന്റേയും മനസ്സലിഞ്ഞുപോകുന്ന

തായി ഭവിക്കണമായിരുന്നുവെന്നാശിച്ചുപോകയാണ് ലേഖകൻ. കവിയുടെ വിജ്ഞാന ഭാവന കവിയുടെ കവിതകളിൽ എല്ലാം ഉള്ളതുപോലെതന്നെ'ശാസ്ത്രദീപ്തി' എന്ന കവിതയിലെ വിഷയങ്ങളും ഭാവങ്ങളും വൃത്തങ്ങളും എല്ലാം ചിന്തയെ ഉദ്ദീപിക്കുന്നവയായിരുന്നു എന്നു മനസ്സാലാക്കാൻ ഏതൊരു കവി ഹൃദയനും ലവലേശം രണ്ടാമതൊന്നു ആലോചിക്കേണ്ടിയിരുന്നില്ല എന്നതു വാസ്തവം തന്നെ.



**ഫോട്ടോ: പണ്ഡിതരത്നം കെ.പി. നാരായണപ്പിഷാരടി**

പ്രശസ്ത കവിയായിരുന്ന പരലോകം പ്രാപിച്ച ശ്രീ. കെ.കെ. രാജ; പോൾ കൊള്ളന്നൂരിനെ ആശംസിച്ചെഴുതിയ വരികൾ തന്നെ കവിയുടെ കവിതകളുടെ കാവ്യ മാധുരി അംഗീകാരത്തിന് ഉദാഹരണമായി കുറിച്ചിടാം.

**കേയെൽപ്പോളിൻ കവിതകളീയെൻ**
**കണ്ണിനു ചെവിക്കുമൊരുപോലെ**
**പായസമാധുരിയരുൾ വൂ**
**ശ്രേയസ്സുണ്ടാകയെന്നു നേരുന്നേൻ.**

കവികളേയും കവിതകളേയും വളരെ ആദരിക്കുന്ന ഒരു സഹൃദയനാണ് പോൾ കൊള്ളന്നൂർ. നല്ല കവികളുടെ ഉള്ളിൽത്തട്ടുന്ന കവിതകൾ വീണ്ടും വീണ്ടും ഉരുക്കഴിക്കുക കവിയുടെ ഒരു സ്വഭാവമാണ്. നിരന്തരമായ കവിതാനുസന്ധാനം ചില സമയത്ത് കൊള്ളന്നൂരിനെ കവിയാക്കി മാറ്റും. ആ നിമിഷങ്ങളിൽ അദ്ദേഹം ചില ചെറു കവിതകൾ മൂളും. ചിലപ്പോൾ അവ കുറിച്ചിടുകയും ചെയ്യും. അങ്ങനെ അതാതുകാലങ്ങളിൽ രൂപം കൊണ്ടിട്ടുള്ള പല കവിതകളിൽ പല വിഷയങ്ങൾ, പല വൃത്തങ്ങൾ, പല ഭാവങ്ങൾ എല്ലാം ചിന്തയെ ഉദ്ദീപിപ്പിക്കുന്നവ. ആർക്കും മനസ്സിലാകുന്ന ഭാഷ. ആരും മനസ്സിലാക്കേണ്ട കാര്യങ്ങൾ. പണ്ഡിതരത്നം കെ.പി. നാരായണപ്പിഷാരടിയുടെ വാക്കുകളിൽ പോൾ കൊള്ളന്നൂരിനെകുറിച്ചുള്ള അഭിനന്ദനത്തിന്റെ തേൻതുള്ളികൾ മാരിയായി വാക്കുകളിൽ ഒലിച്ചിറങ്ങി ഓളങ്ങൾ സൃഷ്ടിച്ചു.

## ശാസ്ത്രദീപ്തി

**ആദിയിലത്ഭുത സൂര്യഗോളം**
**ആമുഖവൈഖരീ ബിംബം**
**ആകർഷണം കൊണ്ടു തിങ്ങി-വിങ്ങി**
**ആകെക്കുലുങ്ങിക്കുഴങ്ങി**
**ആറിയഖണ്ഡം, ഗ്രഹങ്ങൾ-നീങ്ങി**
**ആലസ്യം; ചന്ദ്രനും പൊങ്ങി**
**ആയിടക്കുള്ളിൽ കറങ്ങും ഭൂവിൽ**
**ആദിമനുഷ്യൻ പിറന്നു**
**ആരണ്യകനായ്ക്കഴിഞ്ഞ-മർത്ത്യൻ**
**ആദ്യപാഠങ്ങൾ കുറിച്ചു,**
**ആണ്ടുകൾ പിന്നിട്ടുപോയി-കാലം**
**ആരാമ ചന്ദ്രികയായി,**
**ആരാധ്യരായി മനുഷ്യർ-ലോകം**
**ആഗോള യുദ്ധങ്ങൾ കണ്ടു,**
**ആശകളോരോന്നുകൂടി-വീണ്ടും**
**ആകാശമാർഗ്ഗങ്ങൾ തേടി**
**ആരാലിറങ്ങിവരുന്ന-ശാസ്ത്രം**
**ആദേശ മാലാഖമാരായ്,**
**ആകാശപേടകം തന്നി-ലേറി**
**ആംസ്ട്രോങ് ചന്ദ്രനിലെത്തി**
**ആരും കയറാത്ത ചന്ദ്രഗോളം**
**ആൽഡ്രിനും കൂട്ടരും ചേർന്നു**
**ആവോളം ചുറ്റിക്കറങ്ങി കോളിൻ**
**ആശ്വാസ സന്ദേശമേകി**
**ആകാശമാർഗ്ഗം പറന്നു-വീണ്ടും**
**ആയവർ ഭൂമിയിൽ വന്നു.**
**ആവർത്തനങ്ങൾ തുടർന്നു-**
**പിന്നെ ആഗോള ശാസ്ത്രം തെളിഞ്ഞു.**
**മാനത്തുകാണും വിചിത്രം-വേദ**
**മാനസ ചിത്രങ്ങൾ മാത്രം!**
**മാന്ത്രിക മല്ലിതു സത്യം-നവ**
**മാനവ ശാസ്ത്രീയ സത്യം**
**ബിംബ പ്രതിബിംബമല്ലി-ധർമ്മ**
**ബന്ധുര ബീജകബന്ധം,**
**ബിംബം കണക്കേ വളർന്നു-വിശ്വ**
**ബന്ധങ്ങൾ വിശ്രുത ദീപം**

ജന്മഭൂമി, കലയും ജീവിതവും, വിടയും വൈലോപ്പിള്ളിയും, വിവേകാനന്ദ ശില (ഗദ്യകവിത), രാഗലീല, ഹൈന്ദവ ഭൂതി, ജീവ യാത്ര, ജീവിത രശ്മികൾ, ക്രിസ്തു വീണ്ടും ക്രൂശിൽ, ലോകഗതി, നിരൂപണം, നാളയെപ്പറ്റി, നിയതിയും മനുഷ്യനും, ഡാർവിനും ഗാന്ധിജിയും, അരുത കേരളം, പ്രകൃതി പാഠങ്ങൾ, അഷ്ടഗ്രഹയോഗം, പ്രളയവും മനുഷ്യനും, സാംസ്ക്കാരിക വിപ്ലവം,

കുയിൽ, വിശ്വദീപം, കിലുങ്ങുന്ന ചിന്തകൾ, തൃശൂർപൂരം, നീതി വാക്യം ഇങ്ങനെ പോകുന്നു കവിയുടെ കവിതകൾ.

**കവിത്രയത്തിൽ കാവ്യ ഹൃദന്തം**
**വരച്ച കേരളമേ!**
**നമുക്കുയരാം തുടർന്നു പോകാ-**
**മവർതൻ കാലടികൾ**

ഉള്ളൂരിന്റെ പ്രേമസംഗീതത്തെ ഓർമ്മിപ്പിക്കുന്നതാണ് 'ആർക്കുമുയരാം'എന്ന കവിത. ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്ന കവിത്രയത്തിന്റെ കവിതകളെ അനുസ്മരിച്ചുകൊണ്ടാണ് കവി 'ആർക്കുമുയരാം'എന്ന മേൽ ഉദ്ദ്യേശിച്ച കവിത രചിച്ചത്.

ഒരേ ഇരുപ്പിൽ വായിച്ചുതീർക്കാവുന്ന നല്ല കവിതകളെഴുതിയ പോൾ കൊള്ളന്നൂർ ഈ ലേഖകനുമായുള്ള കൂടികാഴ്ചയിൽ 2009ൽ അല്ലെങ്കിൽ 2010ൽ കുടുംബ പ്രാരാബ്ദവും രോഗവും അദ്ദേഹത്തെ തീരെ അവശനാക്കിയിരുന്നു. പ്രശസ്തരായ സാഹിത്യകാരുടെ കഥകൾ നേരിട്ട് ശേഖരിച്ച് 'നക്ഷത്രരാജ്യം' മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ള രാപകലേന്യേ തൃശൂർ ജില്ലയിലെ ദിക്കറിയാത്ത പല പ്രദേശങ്ങളിൽ കൂടിയുള്ള അന്നത്തെ അലച്ചിലിനിടയിൽ പ്രദേശത്തുകാരിൽ നിന്നു ലഭിച്ച അറിവിനൊടുവിലാണ് രാത്രി 10.30ന് അദ്ദേഹത്തിന്റെ വീട്ടിൽ എത്തിച്ചേർന്നത്. പിന്നീട് ദിക്കും പ്രദേശവും അദ്ദേഹം തന്ന കവിതകളും കൈമോശം വന്നു പോയി എന്നുകരുതിയിരുന്നെങ്കിലും എന്തിനോ വേണ്ടിയുള്ള തിരച്ചിലിനിടയിൽ അദ്ദേഹത്തെക്കുറിച്ച് ഓർമ്മിപ്പിക്കുമാറ് വീണ്ടു കിട്ടിയ കവിതകളിൽ ഒന്നെങ്കിലും നക്ഷത്രരാജ്യം മാസികയിൽ വർഷങ്ങൾക്കു ശേഷമെങ്കിലും പ്രസിദ്ധികരിക്കുവാൻ സാധിച്ചതിൽ ചാരിതാർത്ഥ്യമുണ്ട്. ഈ അവശകവി പോൾ കൊള്ളന്നൂരിനു സർക്കാർ തലത്തിൽ സാമ്പത്തിക അവാർഡും അംഗീകാരവും കൊടുത്ത് സഹായിച്ചിരുന്നെങ്കിൽ എന്നു ഒരു സഹൃദയനെന്ന നിലയിൽ പ്രദേശത്തുക്കാരെപ്പോലെ ലേഖകനും മനസാ ആലോചിച്ചുപോകുന്നതിൽ തെറ്റില്ലയെന്നു വിശ്വസിക്കുന്നതുകൊണ്ട് പോൾ കൊള്ളന്നൂരിന്റെ 'ശാസ്ത്രദീപ്തി'എന്ന കവിത ബഹുജനസമക്ഷം വിനയാദരപുരസ്സരം പ്രസിദ്ധീകരിക്കുന്നു. 'അർഹതപ്പെട്ടത് സമയം വൈകി എത്തിക്കുന്നത് മഹാമനസ്ക്കതയായി ചിന്തിക്കാതിരിക്കുന്നത് ഏതൊരു മനുഷ്യന്റേയും നല്ലഗുണമായാണ് സമൂഹം അംഗീകരിക്കുകയെന്നത് ചിലരുടെ കാര്യത്തിലെങ്കിലും ലേഖകനുൾപ്പെടെയുള്ള ഇത്തരക്കാരുടെ ബോധത്തിലെ സുവിചാരമാവുകയും വേണം.'

ലേഖനം

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ



# കലാസാംസ്ക്കാരിക രംഗത്ത്നിന്നൊരു എം.എൽ.എ

**(നക്ഷത്രരാജ്യം 2014 ഒക്ടോബർ 22 മുതൽ നവംബർ 21 വരെ.)**





സാഹിത്യ അക്കാദമി സെക്രട്ടറിയായി പ്രവർത്തിക്കുമ്പോഴാണ് നിയമസഭയിലേക്ക് മത്സരിക്കാൻ നിർദ്ദേശം കിട്ടുന്നത്. തെരഞ്ഞെടുപ്പു മത്സര രംഗത്തിറങ്ങുന്നുന്നു എന്ന വിവരം പറയുക എന്ന് ഉദ്ദ്യേശിച്ചായിരുന്നു മുൻ എം.എൽ.എ. സ. ടി.പി. രാമകൃഷ്ണനൊന്നിച്ചു എം.ടി. സാറിനെ വീട്ടിൽപോയി കണ്ടത്.

"സാഹിത്യ അക്കാദമിയുടേതടക്കമുള്ള പല

പ്രവർത്തനങ്ങൾക്കും മുന്നിട്ടിറങ്ങുമ്പോൾ എം.ടി യുടെ ഉപദേശ നിർദ്ദേശങ്ങൾ സ്വീകരിക്കാറുള്ളതാണ്. തെരഞ്ഞെടുപ്പ് മത്സര രംഗത്തേക്കിറങ്ങുമ്പോഴും വിവരം ഒന്നു പറയുക എന്നേ ഉദ്ദേശിച്ചിരുന്നുള്ളൂ. എന്നാൽ മനസ്സറിഞ്ഞു കൊണ്ടുള്ള അദ്ദേഹത്തിന്റെ ആശീർ വാദം മനസ്സിന് ഭയങ്കര കരുത്താണ് നൽകിയത്. യാത്രപറയാൻ നേരം കെട്ടിവെക്കാനുള്ള പണം നൽകിയാണ് അദ്ദേഹം എന്നെ യാത്രയാക്കിയത്." ഇത് പറയുന്നത് പുരുഷൻ കടലുണ്ടി എം.എൽ.എ. ശ്രീ. എം.ടി. വാസുദേവൻ നായരുടെ ശിഷ്യനായി സിനിമാ രംഗത്ത്വന്ന് "ദേവലോകം", "വില്ക്കാനുണ്ട് സ്വപ്നങ്ങൾ", "വാരിക്കുഴി", "മഞ്ഞ് ", "കടവ്" എന്നി സിനിമകളുടെ സഹസംവിധായകനായും – കേരളത്തിലെ പ്രശസ്ത പ്രൊഫണൽ നാടക ട്രൂപ്പുകളായ വടകര വരദയ്ക്ക് വേണ്ടി എം. ടി യുടെ "ഇരുട്ടിന്റെ ആത്മാവ്", കൊല്ലം മുദ്രയ്ക്കു വേണ്ടി ബിമൽ മിത്രയുടെ"ഇരുപതാം നൂറ്റാണ്ട", കൊല്ലം യൂണിവേഴ്സ



ലിനു വേണ്ടി വടക്കില്ലം ഗോപിനാഥന്റെ "ശുക്രനക്ഷത്രം", രചനക്കു വേണ്ടി കെ. ജി. ശങ്കരപ്പിള്ളയുടെ "ധർമ്മക്ഷേത്രേ –കുരുക്ഷേത്രേ"എന്നീ നാടകങ്ങൾ സംവിധാനം ചെയ്യുകയും ചെയ്ത കലാകാരൻ. കേരളത്തിലെ ആദ്യത്തെ മലയാള തെരുവ് നാടകം "ചിലന്തി" രൂപപ്പെടുത്തിയ പെരുവണ്ണാമൂഴി തെരുവു നാടക കേമ്പിന്റെ സംഘാടകൻ കൂടിയായിരുന്നു പുരുഷൻ കടലുണ്ടി.

നാടകങ്ങളും നാടൻ പാട്ടും നാടൻ കലകളും രക്തത്തിലലിഞ്ഞ കുട്ടികാലം. അന്ന് അയൽപക്ക ത്തെ കിഴക്കേ പുരക്കൽ തറവാട്ടിലെ എഴുത്തുപള്ളിയിൽ പാട്ടും, ഡാൻസും, നിഴൽ നാടകങ്ങളും, നാടകങ്ങളും അവതരിപ്പിച്ചിരുന്ന കുടുംബ സദസ്സിൽ നിത്യ സന്ദർശകനും പങ്കാളിയുമായി, തിരുവാതിരയ്ക്ക് പൊറാട്ടുനാടകങ്ങൾ അവതരിപ്പിച്ചപ്പോൾ കിട്ടിയ പ്രോത്സാഹനം. അത് സഖാവ് കണാരന്റെ മോനാ!..പെരുമയോടെ പറഞ്ഞ് ഇഷ്ടം പോലെ പുഴുക്ക്, പലഹാരങ്ങൾ. മനസ്സിലെ ചെപ്പ് തുറന്ന് ഓർത്തെടുക്കാൻ ആയിരം പഴങ്കഥകൾ. പുലരും വരെ റാന്തല് വിളക്കും കത്തിച്ച് വീട്ടു മുറ്റത്ത് പുതപ്പ് തിരശ്ശീലയായി പിടിച്ച് നാടകങ്ങൾ അവതരിപ്പിച്ചത് ഇന്നും ഗ്രാമീണരായ കടലുണ്ടിക്കാരുടെ മനസ്സിൽ നേർത്ത കുളിരുള്ള ഹിമകണങ്ങളായി പഴമയോടെ നിൽക്കുന്നു. മണ്ണൂർ കൃഷ്ണാ യു.പി. സ്ക്കൂളിൽ പഠിക്കുമ്പോൾ തിക്കോടിയന്റെ "പുണ്യതീർത്ഥം" നാടകത്തിൽ അഭിനയിച്ചതും, പ്രബോധിനി വായനശാല വാർഷികത്തിന് അച്ഛനും സുഹൃത്തുക്കളും ചേർന്ന് അവതരിപ്പിച്ച നാടകം കണ്ടതും നാടകരംഗത്തോടു താല്പര്യമുണ്ടാക്കി.

സർവ്വോദയ വായനശാല വാർഷികത്തിന് ചകിരി പിരിക്കുന്ന തൊഴിലാളി സ്ത്രീയെ കേന്ദ്രകഥാപാത്രമാക്കി ഒരു ഏകാങ്ക നാടകമെഴുതി അവതരിപ്പിച്ചു. തൊഴിലാളി നേതാവായ ഭർത്താവ് ജയിലിലായപ്പോൾ മറ്റു സ്ത്രീകളുടെ കൂടെ കടലുണ്ടിയിൽ പോയി ചകിരിതുപ്പു കൊണ്ടു വന്നു പിരിച്ച് ചൂടിയാക്കി വിറ്റ് കുട്ടികളെ പോറ്റിയിരുന്ന സ്വന്തം അമ്മയുടെ കഥ. ആദ്യത്തെ നാടകം അവതരിപ്പിച്ചു കഴിഞ്ഞപ്പോൾ കിട്ടിയ അഭിനന്ദനങ്ങളും സമ്മാനങ്ങളും ഏറെ ആഹ്ളാദിപ്പിച്ചു. ജീവിതാനുഭവങ്ങൾ കോർത്തിണക്കിയ ആ കഥ അന്ന് എല്ലാവരും ഇഷ്ടപ്പെട്ടു.

42 നാടകങ്ങളുടെ രചയിതാവാണ് ശ്രീ. പുരുഷൻ കടലുണ്ടി. മറ്റു തിരകഥകൾ "അനഘ", "ആയില്യംകാവ്", എം.ടി. യുടെ "വില്പന" എന്നിവയും നാടകങ്ങൾ: 'ആവാഹം', 'സീതപ്പക്ഷി', 'മോർച്ചറി', 'ആവരണം', കെ. ടി യുടെ സമ്പൂർണ്ണകൃതികൾ (എഡിറ്റർ), 'എഴുത്തുവിളക്ക് ' എന്നിവയും പ്രസിദ്ധികരിച്ചു.

നാടക രംഗത്തെ സമഗ്ര സംഭാവനയ്ക്ക് ശ്രീ. പുരുഷൻ കടലുണ്ടി 2002 ൽ കേന്ദ്ര ദളിത് സാഹിത്യ അക്കാദമിയുടെ മഹാത്മാജ്യോതി ബാഫു ദേശീയ അവാർഡും, 2005 ൽ അബുദാബി ശക്തി അവാർഡും, 78 ൽ ശ്രീ കണ്ഠൻ നായർ സ്മാരക പുരസ്ക്കാരവും, 72 ൽ പ്രഥമ ഇ. എം. എസ്. ട്രോഫിയും, 80, 81, 82 മൂന്നു തവണ പള്ളം ട്രോഫിയും, 92 ൽ വി. കെ. കൃഷ്ണമേനോൻ അവാർഡും, 93 ൽ തോപ്പിൽ ഭാസി അവാർഡും, 64 ൽ നാഷണൽ സേഫ്റ്റി അവാർഡും, 2012 ൽ അക്ഷരം പുരസ്ക്കാരവും, 2013ൽ സ്വാമി ആനന്ദ തീർത്ഥ പുരസ്ക്കാരവും തുടങ്ങി നിരവധി ദേശീയ സംസ്ഥാന പുരസ്ക്കാരങ്ങൾ നേടിയിരിക്കുന്നു.

പുരോഗമന കലാസാഹിത്യ സംഘം സംസ്ഥാന വൈസ് പ്രസിഡണ്ട്, പി. കെ. എസ് സംസ്ഥാന ജോ. സെക്രട്ടറി, സാംസ്ക്കാരിക ക്ഷേമനിധി ബോർഡ് അംഗം, കേരള പട്ടികജാതി– പട്ടിക വർഗ്ഗവികസനകോർപ്പേഷൻ ഡയരക്ടർ, തഞ്ചാവൂർ സൗത്ത് സോൺ കൾച്ചറൽ സെന്റർ അംഗം, ഓർച്ചഡ് ഇന്ത്യ കുട്ടികളുടെ തിയേറ്റർ ചെയർമാൻ, സംഗീത നാടക അക്കാദമി അംഗം, കേരള ഫോക്ക്ലോർ അക്കാദമി അംഗം എന്നി നിലകളിൽ സാമൂഹ്യ-സാസ്ക്കാരികമണ്ഡലങ്ങളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു. മലയാളം നമ്മുടെ അഭിമാനം എന്ന സന്ദേശവുമായി 2010 ജനവരി 1 മുതൻ ഫെബ്രുവരി 5 വരെ കാസർഗോഡ് മുതൽ

തിരുവനന്തപുരം വരെ നടത്തിയ സാംസ്ക്കാരിക യാത്രയ്ക്ക് നേതൃത്വം നൽകുകയും മലയാള ഭാഷയ്ക്ക് ക്ലാസ്സിക്ക് പദവിക്കു വേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് ന്യൂഡൽഹിയിൽ കേരള മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, സാംസ്ക്കാരിക വകുപ്പ് മന്ത്രി എം. എ. ബേബി, പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, ഒ. എൻ. വി, സുഗതകുമാരി, ഡോ. പുതുപ്പള്ളി രാമചന്ദ്രൻ, സച്ചിദാനന്ദൻ, ഓംചേരി, എൻ. എൻ. പിള്ള തുടങ്ങിയ സാഹിത്യ നായകർക്കൊപ്പം പ്രധാന മന്ത്രിയെ സന്ദർശിച്ച് ആദ്യമായി നിവേദനം നടത്തിയ സംഘത്തിന്റെ കൺവീനറും ആയിരുന്നു അദ്ദേഹം.

ശ്രീ പുരുഷൻ കടലുണ്ടി സാഹിത്യ അക്കാദമി പ്രസിഡണ്ടായിരിക്കുമ്പോഴാണ് സാഹിത്യ അക്കാദമിയിൽ സുവർണ്ണ ജൂബിലി സ്മാരക മന്ദിരത്തിന് തറക്കല്ലിട്ടത്. അന്നത്തെ സാംസ്ക്കാരിക വകുപ്പു മന്ത്രി എം.എ. ബേബിയാണ് തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചത്. ഈ സ്മാരക മന്ദിര സമുച്ചയത്തിന്റെ പൂർത്തികരണത്തോടെ ഇപ്പോഴുള്ള അക്കാദമി ലൈബ്രറി ഇന്ത്യയിലെ തന്നെ പ്രധാന ലൈബ്രറികളിലൊന്നാവും.ആധുനിക സജ്ജീകരണങ്ങളോടു കൂടിയ ഓഡിറ്റോറിയം, ഡിജിറ്റൽ കൺസർവേഷൻ ലാബ്, ഫ്യൂമിഗേഷൻ ലാബ് റിപ്രോഗ്രാഫിക്, അക്വിസിഷൻ കാറ്റലോഗ്, ക്ലാസിഫിക്കേഷൻ എന്നി വിഭാഗങ്ങൾ സുവർണ്ണ ജൂബിലി സ്മാരക മന്ദിരത്തിന്റെ മുഖ്യ സവിശേഷതകളാണ്. മൈക്രോ ഫിലിം, ഓഡിയോ-വീഡിയോ സി.ഡി, മൾട്ടി മീഡിയ താളിയോല എന്നി വിഭാഗങ്ങളുടെ ശേഖരവും ഇവിടെ ഉണ്ട്. മൂന്നു കോടി രൂപ ചിലവഴിച്ച് അഞ്ചു നിലകളിലായി കെട്ടിട സമുച്ചയത്തിന്റെ പണി പൂർത്തിയായിട്ടുണ്ട്.

എഴുത്തു വിളക്ക് 2009:- സംസ്ഥാന തലത്തിൽ മാത്രം നടത്തിയിരുന്ന യുവ സാഹിത്യ ക്യാമ്പ് പതിനാല് ജില്ലകളിലും നടത്തുകയും അവിടെ നിന്ന് തെരഞ്ഞെടക്കപ്പെട്ടവർക്കായി സംസ്ഥാന തലത്തിൽ നാലു ദിവസം നീണ്ട ശിൽപ്പശാല കനകക്കുന്ന് കൊട്ടാരത്തിൽ നടത്തുകയും ചെയ്തത് പു തിയ കാൽ വെപ്പാണ്. രചനകളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത 630 പേരാണ് ജില്ലകളിൽ പങ്കെടത്തത്. ജില്ലകളിൽ നിന്ന് തെരഞ്ഞെടുത്ത 136 പേർ എഴുത്തുവിളക്കിൽ പങ്കെടുത്തു. ക്ലാസ്സുകൾ എടുക്കുന്നതിനും ചർച്ച നയിക്കുന്നതിനും രചനകൾ പരിശോധിക്കുന്നതിനുമായി 150 ഓളം പ്രമുഖ സാഹിത്യ കാരന്മാരും എഴുത്തു വിളക്കിൽ പങ്കെടുക്കുകയുണ്ടായി. ഗവർണ്ണർ ആർ. എൽ. ഭാട്ടിയ ആണ് എഴുത്തുവിളക്ക് ഉൽഘാടനം ചെയ്തത്.

ജന്മശദാബ്ദികൾ;- മൺമറഞ്ഞ സാഹിത്യകാരുടെ അനുസ്മരണ ആചരണങ്ങൾ സംഘടിപ്പിക്കുന്നതിൽ മുൻ കാലങ്ങളേക്കാൾ കൂടുതലായി ഇക്കാലയളവിൽ ശ്രദ്ധിക്കുവാൻ കഴിഞ്ഞു. ഇന്ത്യയ്ക്ക് പുറത്ത് മസ്ക്കറ്റിൽ സംഘടിപ്പിച്ച വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മശതാബ്ദി ആഘോഷം ഡോ. സുകുമാർ അഴീക്കോടും, ദുബായിൽ സംഘടിപ്പിച്ച അനുസ്മരണ പരിപാടികൾ ബഹു: സാംസ്ക്കാരിക വകുപ്പു മന്ത്രി എം. എ. ബേബിയും ഉദ്ഘാടനം ചെയ്തു. 2010 സെപ്തംബർ 9 മുതൽ 12 വരെ ബഹറിനിൽ മലയാളി സമാജവുമായി സഹകരിച്ച് സംഘടിപ്പിച്ച കഥ-നോവൽ ശിൽപ ശാലയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പ്രവാസി എഴുത്തുകാർ പങ്കെടുത്തു . അക്കാദമിയുടെ ചരിത്രത്തിൽ രാജ്യത്തിനു പുറത്തു സംഘടിപ്പിച്ച ഈ പരിപാടികൾ പ്രവാസി മലയാളികൾ എന്നെന്നും ഓർമ്മയിൽ സൂക്ഷിക്കും.

കേരള സാഹിത്യ അക്കാദമി കാമ്പസിൽ ബഷീർവേദി എന്ന പേരിൽ ഒരു ഓപ്പൺ സ്റ്റേജ് നിർമ്മിച്ചു. ഇതിന്റെ ഉൽഘാടനം മുൻ മന്തി പിണറായി വിജയൻ നിർവ്വഹിച്ചു. നിരവധി ശ്രദ്ധേയങ്ങളായ പൊതു പരിപാടികൾ ഇവിടെ നടന്നു വരുന്നു.

സാഹിത്യ അക്കാദമിയുടെ നിയന്ത്രണത്തിൽ ഒരു സ്ഥാപനമാണ് അപ്പൻ തമ്പുരാൻ സ്മാരകം. ആനുകാലികങ്ങളുടെ അതിവിപുലമായ ലൈബ്രറിയും മ്യൂസിയവും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. അയ്യന്തോളിൽ അപ്പൻ തമ്പുരാൻ സ്മാരകത്തിന് കേരള സർക്കാർ പുതിയതായി അനുവദിച്ച 35.65 സെന്റ് ഭൂമിയിൽ ആധുനിക സൗകര്യങ്ങളോടെ മ്യൂസിയത്തിനു തറക്കല്ലിട്ടു. പ്രൊജക്ട് കേന്ദ്ര സർക്കാറിന് സമർപ്പിച്ചതും ഇക്കാലത്താണ്.

കമലാസുരയ്യ ജീവിച്ചിരിക്കുമ്പോൾ തന്നെ നീർ മാതളഭൂമി അ ക്കാദമിക്ക് രജിസ്ട്രർ ചെയ്ത് ഏറ്റെടുക്കാൻ കഴിഞ്ഞതിൽ അതിയായ അഭിമാനമുണ്ട്. ഇതിനു പുറമേ കെ. ബി. സുകുമാരൻ സംഭാവന ചെയ്ത ഭൂമിയും ചേർത്ത് ഓഡിറ്റോറിയവും നാലാപ്പാട്ട് മ്യസിയവും എഴുത്തുകാർക്ക് താമസിക്കാൻ രണ്ടു കോട്ടേജുമടങ്ങുന്ന അതിമനോഹരമായ കെട്ടിടത്തിന് തറക്കല്ലിട്ടു.

1966 ൽ കെ. എസ്. വൈ. എഫി ലൂടെ രാഷ്ട്രയ രംഗത്ത് സജീവമായ പുരുഷൻ ഗവ. പോളിടെക്നിക്കിൽ പഠിക്കുമ്പോൾ ഇലട്രിക്കൽ മെക്കാനിക്കൽ അസോസിയേഷൻ ജോയന്റ് സെക്രട്ടറിയായി തെരഞ്ഞെടുത്തു. അരിവില വർദ്ധനക്കെതിരെ വിദ്യാർത്ഥിസമരം നയിച്ചതിനും അടിയന്തരാവസ്ഥകാലത്ത് 'പട്ടിണി' എന്ന തന്റെ നിരോധിച്ച തെരുവു നാടകം എഴുതി അവതരിപ്പിച്ചതിനും പോലീസ് അറസ്റ്റു വരിച്ചു. അന്ന് 'പട്ടിണി' നാടകാവതരണം ഉൽഘാടനം ചെയ്യാനെത്തിയ എം. കുട്ടികൃഷ്ണൻ മാസ്റ്ററടക്കം നാടക കലാകാരൻമാരെയെല്ലാവരേയും പോലീസ് അറസ്റ്റ് ചെയ്ത് ലോക്കപ്പിലാക്കി. ഈ പ്രഹരം പിൻതിരിഞ്ഞോടാനല്ല മുന്നോട്ടു നടക്കാനാണ് പ്രേരിപ്പിച്ചത്. തുടർന്ന് മാവൂർ നവധാരാ തിയേറ്റേഴ്സ് തുടരെ, തുടരെ അവതരിപ്പിച്ച നാടകങ്ങൾ....

കേന്ദ്രപുരോഗമന കലാസമിതി കോഴി

ക്കോട് ജില്ലാസെക്രട്ടറിയായി തെരഞ്ഞെടുത്തതോടെ സംഘ ടനാ രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിച്ചു. ജില്ല യിലെ നിരവധി കലാസമിതികൾ അഫിലിയേറ്റ് ചെയ്യിച്ചു. സ്റ്റഡിസർക്കിൾ പ്രവർത്തനവും ഒന്നിച്ചു കൊണ്ടു പോയി. ഇതിൽ പിന്നീടാണ് ഡൽഹിയിൽ സഫ്ദർ ഹശ്മിയുടെ രംഗ പ്രവേശനം ഉണ്ടാകുന്ന ത്. മീഡിയാ രംഗത്ത് പ്രവർത്തിച്ചിരുന്ന സഫ്ദറിന്റെ നേതൃത്വത്തി ൽ നടത്തിയ തെരുവു നാടകങ്ങൾക്ക് നല്ല പ്രചാരണം കിട്ടി. നാടക സംഘത്തെ അക്രമി ക്കുകയും സഫ്ദർ കൊലചെയ്യപ്പെടുകയും ചെയ്ത തോടെ ഈ രംഗം ഇന്ത്യയിലാകെ അഗ്നിയായി പടർന്നു. അവഗണയോടെ രണ്ടാംകിട ഏർപ്പാട് എന്ന് അപഹസിക്കുന്നവരുടെകൂടി കണ്ണ് തുറപ്പിക്കുന്നതാ യിരുന്നു ജനനാട്യമഞ്ചിന്റെ മുന്നേറ്റം. 1989-ൽ സഫ്ദർ ഹശ്മി അടിയേറ്റുവീണ അതേസ്ഥലത്ത് പിറ്റേ ദിവസം തന്നെ പ്രിയ പത്നി മാലശ്രീ ഹസ്മി ചെന്ന് നാടകം കളിച്ചതോടെ തെരുവു നാടക രംഗ ത്തിനു കുടുതൽ തിളക്കം വന്നു. കേരളത്തിലും ബംഗാളിലും കർണ്ണാടകയിലും ശക്തമായിരുന്ന തെരുവു നാടക പ്രസ്ഥാനം ഇന്ത്യയിലാകെ പടർന്നു കയറി ഇത് പ്രവർത്തനത്തിന് കൂടുതൽ ആവേശം നൽകി. സഫ്ദർഹസ്മിയുടെ 1-ാം ചരമ വാർഷിക ത്തിന് ഡൽഹിയിൽ നടന്ന ചൗരാഹാ 89 ൽ അവത രിപ്പിക്കാൻ പുരുഷന്റെ "ഫ്രൊഫസർ അഞ്ചാമൻ" എന്ന തെരുവ് നാടകമാണ് കേരളത്തിൽ നിന്ന് തെര ഞ്ഞെടുത്തത്. ഇത്തരം നിരവധി അനുഭവങ്ങൾ തൊഴിലാളി കേന്ദ്രത്തിലെ സംഘർഷങ്ങളും സങ്കട ങ്ങളും സമരങ്ങളും വഴി നേടിയെടുത്ത ജീവിതാനു ഭവങ്ങളുമായി സാമൂഹിക സാംസ്ക്കാരിക പ്രവർത്ത നങ്ങളിലൂടെ കീഴാള വർഗ്ഗത്തിന്റേയും അദ്ധ്വാനി ക്കുന്ന ജനങ്ങളുടേയും മോചനത്തിനു വേണ്ടി നാടകം എന്ന മാധ്യമം ബോധപൂർവ്വം ഉപയോഗപ്പെ ടുത്തി.

നിലനിൽപുപോലും ദുഷ്ക്കരമായ രാഷ്ട്രീയ കാലാവസ്ഥയിൽ നാടക രംഗത്ത് നാല് പതിറ്റാണ്ടിലേറെ സജീവമായി ഉറച്ചു നിൽക്കുകയും വർത്തമാന കാലത്തിലെ സജീവ പ്രസ്നങ്ങളോട് സർഗ്ഗാത്മകമായി കലഹിക്കുകയും ചെയ്യുന്ന നാടക കലാകാരനാണ് പുരുഷൻ കടലുണ്ടി. സാംസ്ക്കാരിക രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ നേടിയെടുത്ത വലിയ സുഹൃദ്ബന്ധത്തിന്റെ ഉടമ ഇന്നും സാംസ്ക്കാരിക രംഗത്ത് തികഞ്ഞ ദിശാബോധ ത്തോടെ പ്രവർത്തിക്കുന്നു. ഇപ്പോൾ ബാലുശ്ശേരി മണ്ഡലത്തിൽ എം.എൽ.എ. ആണ്.

എം.എൽ.എ. ആയതോടെ മണ്ഡലത്തിന്റെ സമഗ്രപുരോഗതിക്ക് വേണ്ടി പ്രവർത്തിക്കുന്ന അദ്ദേ ഹത്തിന്റെ എന്റെ സ്ക്കൂൾ പദ്ധതിയിലൂടെ എല്ലാ സ്ക്കൂളുകൾക്കും ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നു. മണ്ഡലത്തിൽ ആദ്യമായി ഗവ: ആർട്സ് & സയൻസ് കോളേജ്, താലൂക്ക് ആശുപത്രി എന്നിവ മികച്ചു നിൽക്കുന്ന പ്രധാന നേട്ടങ്ങളാണ്. വോളിബോളിന്റെ ഈറ്റില്ലമായ ബാലുശ്ശേരിയിൽ സ്റ്റേഡിയം, മണ്ഡല ത്തിലെ ലൈബ്രറികളുടേയും കലാസമിതികളുടേയും നവീകരണം, ഗ്രാമീണ-നഗര സൗന്ദര്യവൽക്കരണം, ഉള്ള്യേരിയിൽ ആധുനിക സൗകര്യങ്ങളോടെ ശാന്തി പാർക്ക്, മാതൃകാ ശ്മശാനം, വാഴോറമല കോളനി സമഗ്ര വികസനം, നടുവണ്ണൂരിൽ കൂട്ടുകൃഷി, കോട്ടൂ രിൽ എൻ.എൻ. കക്കാട് സ്മാരകം, സ്ക്കൂളുകൾക്ക് കമ്പ്യൂട്ടർ ലാബുകളും സ്മാർട്ട് ക്ലാസ്സ് റൂമുകളും, ഇല ക്ട്രോണിക്ക് ടോയ്‌ലറ്റുകൾ, സ്ക്കൂൾ ബസ്, കക്കയം ടൂറിസം, ടൂറിസം കോറിഡോർ, അത്തോളി മുതൽ



ഉള്ള്യേരി, ബാലുശ്ശേരി, പനങ്ങാട്, ഉണ്ണികുളം ബന്ധിപ്പിച്ചുള്ള ടൂറിസം കോറിഡോർ പദ്ധതി, പെയിൻ& പാലിയേറ്റീവിന് എല്ലാപഞ്ചായത്തു കൾക്കും ആംബുലൻസ്, ബാലുശ്ശേരി കോട്ടയിൽ അപൂർവ്വ ചുമർ ചിത്രങ്ങൾ കണ്ടെത്തി സംരക്ഷിക്കൽ കിനാലൂരിൽ വനിതകൾക്ക് വ്യവസായ യൂണിറ്റ് തുട ങ്ങിയ പല പദ്ധതികൾ എടുത്തുപറയേണ്ടതു തന്നെ.

ജാപ്പ് വിരുദ്ധ പ്രസ്ഥാനത്തിന് നേതൃത്വം കൊടുക്കുകയും ഏറനാട്ടിൽ കമ്യൂണിസ്റ്റ് പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ നേതൃത്വപരമായ പങ്ക്വഹിക്കു കയും ചെയ്തതിന് ജയിൽവാസം അനുഭവിച്ച സഖാവ് കണാരനാണ് അച്ഛൻ. ഭർത്താവിനോടും കമ്യൂണിസ്റ്റു പ്രസ്ഥാനത്തിനോടുമുള്ള കൂറിൽ കൊടും ദുരിതത്തിലും അടിപതറാതെ നിന്ന അമ്മാ ളുക്കുട്ടിയാണ് അമ്മ. ഇപ്പോൾ കോഴിക്കോട് സർവ്വ കലാശാല സെനറ്റ് അംഗമാണ്. കടലുണ്ടിയിലാണ് ജനനം. ഭാര്യ: എം.സി. ചന്ദ്രിക. മക്കൾ: ഡോ. ബിനു പുരുഷോത്തമൻ. ബിജിത്ത് പുരുഷോത്തമൻ(എഞ്ചി നിയർ), ബിമൽ പുരുഷോത്തമൻ(എച്ച്.ഡി.എഫ്.സി. ബാങ്ക് ഡെപ്യൂട്ടി മാനേജർ).

വിലാസം: തണൽ, തൊണ്ടയാട്,
ചേവരമ്പലം പി.ഒ., കോഴിക്കോട് -17,
മൊബൈൽ 9495677127

■

ലേഖനം



(നക്ഷത്രരാജ്യം മാസിക 2011 നവംബർ 18 മുതൽ ഡിസംബർ 17 വരെ)

# വടക്കൻ പാട്ടുകളിലെ ഒരു വില്ലൻ ഗാഥ

## നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

**മൺമറഞ്ഞ കെ.പി. ഉമ്മർ എന്ന അതുല്യ സിനിമാ നടന്റെ 10-ാം ചരമ വാർഷികം 2011 ഒക്ടോബർ 29 ശനിയാഴ്ച**



കെ.പി. ഉമ്മർ എന്ന അതുല്യ നടന്റെ അഭിനയ കഴിവുകൾ കൊടുമുടിയിലെത്തിയത് വടക്കൻ പാട്ടുകളിലെ വില്ലൻ കഥാപാത്രങ്ങൾ അഭ്രപാളികളിലെത്തിയ കാലഘട്ടങ്ങളിലാണ്.

തുമ്പോലാർച്ചയും, തച്ചോളി മരുമകൻ ചന്തുവും, കടത്തനാട്ടു മാക്കവും പോലുള്ള നിരവധി വടക്കൻപാട്ടു കഥാസിനിമകളിൽ മലയാളത്തിലെ നിത്യവസന്തം പ്രേംനസീറിന്റെ പ്രതിനായകനായി മലയാള സിനിമാ പ്രേക്ഷകരെ ഹരം കൊള്ളിച്ച മൺ മറഞ്ഞ കെ.പി. ഉമ്മർ എന്ന കോഴിക്കോടുകാരൻ സിനിമാ നടനെ കോഴിക്കോട്ടുക്കാരായി ജനിച്ച സിനിമാ പ്രവർത്തകർപോലും പിന്നിട് ഓർക്കാതിരിക്കുന്നതിൽ അനൗചിത്യമില്ലേ എന്ന് പഴയകാല സിനിമാ പ്രേക്ഷകർ ചിന്തിക്കുന്നതിൽ തെറ്റു പറയാനാവുമോ?



### മറക്കാനാവുമോ ഈകഥാപാത്രങ്ങളെ!

തമാശകളെ ജീവിതഭാഗമാക്കി സിനിമകൾ രൂപംകൊ കാലഘട്ടങ്ങളിൽ ഹരിഹരനെപോലുള്ള മലയാളത്തിലെ മികച്ച സംവിധായകരുടെ സിനിമകളിൽ കെ.പി. ഉമ്മർ തന്റെ കോമഡിയൻ അഭിനയപാടവത്താൽ പ്രേക്ഷകരുടെ മനസ്സിൽ ഇടം പിടിക്കുകയുായി. എക്കാലത്തേയും കോമഡി ഹിറ്റ് മലയാളസിനിമകളായ കോളേജ് ഗേളിലും മറ്റും കെ.പി. ഉമ്മർ കോമഡിയൻ റോളിൽ തിളക്കമാർന്ന അഭിനയമാണ് കാഴ്ചവെച്ചത്.





നിരവധി മലയാള സിനിമകളിൽ പ്രേക്ഷകന് അറപ്പും, വെറുപ്പും ഉളവാക്കുന്ന സാമൂഹിക ദ്രോഹി കഥാപാത്രങ്ങളായും, രാജ്യദ്രോഹിയായും കെ.പി. ഉമ്മർ തന്റെ അഭിനയ സാന്നിദ്ധ്യം കുറിച്ചു. പ്രതിനായകനായി അഭിനയിച്ച അദ്ദേഹത്തിന്റെ സിനിമകളിൽ എടുത്തുപറയത്തക്ക ഒരു സിനിമയായിരുന്നു മയിലാടും കുന്ന്. അഭിനയിച്ച സിനിമകളെല്ലാം വിജയിക്കുന്നതിന് കെ.പി. ഉമ്മർ എന്ന അതുല്യ നടന്റെ സംഭാവന നിസ്തുലമായി അക്കാലങ്ങളിൽ സിനിമാലോകം ഗണിക്കുകയുായി.













മലയാള സിനിമകളിൽ കെ.പി. ഉമ്മർ പലവിധ വേഷങ്ങൾ കൈകാര്യം ചെയ്തിട്ടുെങ്കിലും സ്വഭാവനടനായി അറിയപ്പെടാനായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ എക്കാലവും ആഗ്രഹം.

മൺ മറഞ്ഞ മലയാള സിനിമ പ്രതിഭയ്ക്ക് പ്രേക്ഷകരുടെ ആദരം. ■

ലേഖനം

നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ



# വാടകകുടിയാൻ സംരക്ഷണനിയമവും വ്യാപാരി വ്യവസായികളുടെ പ്രശ്നങ്ങളും

**കേ**രളത്തിലെ വ്യാപാരിവ്യവസായികൾ പല ആവശ്യങ്ങളും ഇന്ന് സർക്കാരിന്റെ മുന്നിൽ മുമ്പോട്ടേക്ക് വെച്ചിട്ടുണ്ട്. ആ ആവശ്യങ്ങളിൽ അതി പ്രധാനമായതാണ് വാടക കുടിയാൻ സംരക്ഷണനിയമത്തെക്കുറിച്ചുള്ള കച്ചവടക്കാരുടെ ആവശ്യങ്ങൾ. ലക്ഷങ്ങൾ മുതൽമുടക്കി കച്ചവടം ചെയ്യുന്ന കച്ചവടക്കാർക്ക് നിയമത്തിനുമുന്നിൽ യാതൊരു സ്ഥാനവുമില്ലാതായിരിക്കയാണ് കേരളത്തിലിന്ന്. ഏത് സമയത്ത് വേണമെങ്കിലും കച്ചവടക്കാരനെ ജന്മിക്ക് ഒഴുപ്പിക്കാം എന്നതാണ് ഇന്നത്തെ കച്ചവടക്കാരുടെ കാതലായ പ്രശ്നങ്ങളിൽ ഒന്ന്. അതുകൊണ്ട്തന്നെ മുന്നോട്ടേക്കുള്ള ജീവിതവൃത്തിക്ക് കച്ചവടം ഒരു ഉപജീവനമാർഗ്ഗമാക്കാൻ പറ്റാത്ത അവസ്ഥയാണ് ഇന്ന് കേരളത്തിലുള്ളത്. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയും തമിഴ്നാടും കച്ചവടം വിപുലമാക്കുവാനുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലൂടെ തൊഴിലില്ലായ്മ പരിഹരിക്കാൻ കച്ചവടക്കാരന് അനുകൂലമായ നല്ലനല്ലതീരുമാനങ്ങളുമായി മുന്നോട്ടേക്കു വരുന്ന കാലത്താണ് ഇവിടെ വിദ്യാസമ്പന്നരുടെ നാടായ കേരളത്തിൽ നിയമങ്ങളെല്ലാം ജന്മിമാർക്ക് അനുകൂലമാകുവാനുള്ള തീരുമാനങ്ങളെടുത്ത് ഒരു നാടിന്റെ സമ്പത്തായ വിദ്യാസമ്പന്നയുവാക്കളേയും കുടുംബനാഥന്മാരായ കച്ചവടക്കാരേയും പെരുവഴിയിലാക്കുന്നത്.

ഏതൊരു വിദ്യാസമ്പന്നനായിരുന്നാലും പാമരനായിരുന്നാലും മുതൽ മുടക്കി കച്ചവടത്തിനിറങ്ങുന്ന സമയങ്ങളിൽ അവന്റെ മനസ്സ് ആത്മവിശ്വാസത്തിലമർന്ന് നാളെ താനൊരു ടാറ്റയോ ബിർലയോ ആയില്ലെങ്കിലും ഏറ്റവും കുറഞ്ഞത് തന്റെ സ്ഥാപനം ഒരു കെ.ആർ. എസ്സോ, നന്ദിലത്തോ, കണ്ണങ്കണ്ടിയോ മറ്റേതെങ്കിലും ഒരു പ്രമുഖ സ്ഥാപനമോ ആയി വളരുമെന്ന ശുഭപ്രതീക്ഷയിലാണവർ കച്ചവടത്തിനിറങ്ങുന്നത്. കച്ചവടം തുടങ്ങിയതിന്റെ പിറ്റേദിവസം മുതൽ പിന്നീടുള്ള കാലങ്ങളിൽ അവന്റെ മനസ്സ് മരവിക്കാൻ തുടങ്ങുകയാണ്. അവസാനം കച്ചവടം ഒരു ശാപമാണെന്ന തിരിച്ചറിവിൽ മുടക്കിയ പണം നഷ്ടപ്പെടുത്തി അവൻ വീണ്ടും സംസ്ഥാനത്തെ തൊഴിലില്ലാ പടയിലേക്കമരുന്നു. ഇതിനുകാരണം കച്ചവടക്കാർക്ക് ഭരണകൂടങ്ങൾ കച്ചവടം ചെയ്യാനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കാത്തതുതന്നെയാണ്. നൂറുകൂട്ടം നിയമത്തിന്റെ നൂലാമാലയിൽപ്പെട്ട് ഒരു ലൈസൻസുപോലും എടുക്കാൻ സാധിക്കാത്ത എത്രയോ ഉല്പാദകർ ഇന്ന് കേരളത്തിലുണ്ട്. ഒന്നാലോചിച്ചാൽ തമിഴ്നാട്ടിലെ സേലത്തോ, തിരുപ്പൂരോ, ഈറോഡോ ചെന്നാൽ ഒരു മലയാളി കച്ചവടക്കാരന് 10 രൂപക്ക് കിട്ടുന്ന ജെട്ടികൾ ഇവിടെ ഉല്പാദിപ്പിക്കണമെങ്കിൽ 35രൂപയെങ്കിലും മുടക്കണം. തിരുപ്പൂരുനിന്നും, ഈറോഡുനിന്നും വരുന്ന ട്രെയിനുകളിലും ബസ്സുകളിലും കേരളത്തിലേക്കൊഴുകുന്ന തമിഴ്നാട് സംസ്ഥാനത്ത് ഉല്പാദിപ്പിച്ച ഉല്പന്നങ്ങൾ തമിഴ്നാട്ടിൽ വെച്ച് ഒരു ചെക്ക്പോസ്റ്റോ പോലീസുകാരനോ, ടാക്സ് ഡിപ്പാർട്ട്മെന്റോ പിടിച്ചെടുത്തതായി ഇന്നുവരെ ഒരു കച്ചവടക്കാരനും പരാതിപ്പെട്ടില്ല. കാരണം അത് ആ സംസ്ഥാനത്തിന്റെ വ്യവസായനയമാണ്. തന്റെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഏത് സംസ്ഥാനത്തേക്കും പോകുന്നത് അവിടത്തെ ഉല്പാദകർക്കും തൊഴിലാളികൾക്കും ഗുണം ചെയ്യും എന്നവർ തിരിച്ചറിയുന്നു. കൂടാതെ ആ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ ടാക്സ് ആ സംസ്ഥാനത്ത് നടക്കുന്ന കച്ചവടത്തിൽ ഭരണകൂടത്തിനു കിട്ടുകയും ചെയ്യും. ടാക്സ് എന്നതുമാത്രം മാനദണ്ഡമാക്കി ഉല്പാദനമേഖലയേയും കച്ചവടക്കാരേയും നിയന്ത്രിച്ചാൽ ഒരിക്കലും ഒരു സംസ്ഥാനം സാമ്പത്തികമായി മുന്നേറുകയില്ല എന്നതാണല്ലോ സത്യം. അതുമാത്രമോ, തൊഴിലില്ലാപട അനുദിനം വർദ്ധിക്കുന്ന ഇക്കാലത്ത് ടാക്സിന്റെയും മറ്റു നിയമങ്ങളുടെയും നൂലാമാലകളിൽപ്പെടുത്തി ഉല്പാദനമേഖലയെ മന്ദീഭവിപ്പിക്കാമോ?

എന്നെപ്പോലെ ഒരു മാസിക മാനേജിംഗ് എഡിറ്ററുടെ സ്വന്തം അഭിപ്രായം മുഴുവൻ ശരിയാകണമെന്നില്ലെങ്കിലും ഇതുപോലുള്ള കാര്യങ്ങളിലെ വിചിന്തനങ്ങളിൽനിന്നു ശരിയെന്നു തോന്നുന്നതെങ്കിലും പിന്തുടർന്ന് മാറിമാറിവരുന്ന ഭരണകൂടങ്ങൾ സംസ്ഥാനത്തെ സാധാരണക്കാരനും കച്ചവടക്കാരനുമനുകൂലമായ നീതിനിർവ്വഹിക്കണമെന്ന് വിനീതമായി ഭരണകൂടങ്ങളോട് ഒരു പൗരനെന്നനിലയിൽ അഭ്യർത്ഥിക്കുന്നതിൽ തെറ്റുണ്ടോ? “ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല. ഇവരോടു പൊറുക്കേണമേ” എന്ന ദൈവവചനം മറക്കാതെ വിലയിരുത്തി ശരികളിലൂടെ മുന്നേറാനുള്ള ഭാവുകങ്ങളർപ്പിക്കുന്നു ഭരണകൂടങ്ങൾക്കായ് കേരളത്തിലെ കച്ചവടക്കാരും വ്യവസായികളും. ■

ലേഖനം

# ഒരു ഡ്രൈവറും മര്യാദയും ജനജീവിതവുമായുള്ള ബന്ധവും



## നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ



ഒരു ഡ്രൈവർ റോഡിലൂടെ വാഹനമോടിക്കുന്ന സമയങ്ങളിൽ തീർച്ചയായും ജനജീവിതത്തെ മാനിക്കണം. ജനജീവിതം മാനിക്കാതെ വാഹനമോടിക്കുന്നവർ നിയമപരമായി ശിക്ഷയനുഭവിക്കേണ്ടവർ തന്നെയാണെന്നതിൽ യാതൊരു തർക്കവുമില്ല. റോഡ് എന്നാൽ വാഹനങ്ങൾക്ക് മാത്രം സഞ്ചരിക്കാൻ മാത്രമാണെന്ന ബോധത്തിൽ വാഹനമോടിക്കുന്നവരാണ് ഇങ്ങനെ വാഹനമോടിക്കുന്നവരിൽ അധികവും.

ദിനംതോറും റോഡിൽ പെരുകിവരുന്ന വാഹനങ്ങളുടെ അതിപ്രസരം കാരണം ഇന്ന് നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ ദുരിതമനുഭവിക്കുന്നത് കാൽനടയാത്രക്കാരും ചെറിയ വാഹനങ്ങളിൽ സഞ്ചരിക്കുന്നവരുമാണെന്നതാണ് യാഥാർത്ഥ്യം. വലിയ വാഹനം നിയന്ത്രിക്കുന്ന ഡ്രൈവർ ചെറിയ വാഹനത്തെ കടന്നുപോകാൻ അനുവദിക്കണമെന്നതാണ് നാട്ടിലെ പൊതുവെയുള്ള നിയമം. എന്നാൽ ഇന്ന് ഷെഡ്യൂളുകളുടേയും മറ്റു പല കാരണങ്ങളുടെയും പേരിൽ ചെറിയ വാഹനങ്ങളേയും കാൽനടയാത്രക്കാരേയും തട്ടിയിട്ടായാലും താൻ നിയന്ത്രിക്കുന്ന വാഹനം മുന്നിലെത്തണമെന്ന വാശിയിലാണ് ഏതൊരു ഡ്രൈവറും വാഹനമോടിക്കുന്നത്. ഇത് ശരിയാണോ? അല്ല. ശരിയല്ല എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ പറയുവാൻ കാരണങ്ങൾ പലതാണ്. ഒരു ഡ്രൈവർക്ക് അത്യാവശ്യം വേണ്ടത് വിവേകമാണ്. അതില്ലാത്തവരും വാഹനത്തെ ഒരു തമാശയായി നിയന്ത്രിക്കുന്നവരും ലൈസൻസ് ലഭിക്കാൻ അർഹതയില്ലാത്തവരാണ്. ഒരു ഡ്രൈവറുടെ ബുദ്ധിയെ കാലാകാലങ്ങളിൽ നിരീക്ഷിക്കാനുള്ള സംവിധാനം കൂടി ഉണ്ടാകേണ്ടതാണ് ലൈസൻസിങ്ങ് അതോറിറ്റിക്ക്. എന്തെന്നാൽ പെട്ടെന്ന് പ്രകോപിതനാകുന്ന ഒരു ഡ്രൈവർ ഓടിക്കുന്ന വാഹനത്തിന്റെ മുന്നിൽ ചെന്നുപെടുന്ന മറ്റു വാഹനങ്ങളോടും കാൽനടയാത്രക്കാരോടും ചെറിയ വാഹനങ്ങളോടും ഇയാൾ പ്രകോപിതനായി പെരുമാറിയാൽ റോഡിൽ വാഹനാപകടമപ്പോൾ ഒന്നുറപ്പാണ്. അതുകൊണ്ടുതന്നെ ഒരു ഡ്രൈവറുടെ മനസ്സിന്റെ സമചിത്തത (ക്രിമിനൽ സ്വഭാവത്തിന്റെ അഭാവം) ഇടക്കിടെ നൂറുശതമാനം സത്യസന്ധമായി രേഖപ്പെടുത്തേണ്ടതായ ചുമതലയും ഒരു ഡ്രൈവിങ് ലൈസൻസ് അതോറിറ്റിക്ക് ഉണ്ടാകണമെന്നതാണ് എന്റെ എളിയ അഭിപ്രായം. അതുപോലെ സന്ദർഭോചിതമായി റോഡു മുറിച്ചുകടക്കാൻ ശ്രമിക്കുന്ന ഒരു കാൽനടയാത്രക്കാരൻ എതിർദിശയിലേക്കും ഒരേ ദിശയിലേക്കും രണ്ടു ഭാഗത്തുകൂടി സഞ്ചരിക്കുന്ന വാഹനത്തിന്റെ ഇടയിൽ പെട്ട് ട്രാഫിക്കിൽ പരിഭ്രമിച്ചുനിൽക്കുമ്പോഴും താൻ നിയന്ത്രിക്കുന്ന വാഹനം ഒന്നു വേഗതയെങ്കിലും കുറച്ചുകൊടുക്കാത്ത ഡ്രൈവർമാരുടേയും സമചിത്തത ഒരു ഡ്രൈവർക്കു ചേർന്നതല്ല എന്നതാണ് യാഥാർത്ഥ്യം. ഇത്തരക്കാർ മറ്റുള്ളവരെ തട്ടിയിടുകയല്ലാതെ സ്വന്തം വാഹനത്തിലിരിക്കുന്നവരെ ലക്ഷ്യസ്ഥാനത്തെത്തിക്കുമെന്നതിനു യാതൊരുറപ്പുമില്ല. എന്നിരുന്നാലും എല്ലാ ഡ്രൈവർമാരും മോശക്കാരാണെന്ന് പറയാൻ സാധിക്കുമോ? മറ്റൊരു വിഭാഗം ഡ്രൈവർമാരിൽ മനുഷ്യപ്പറ്റുണ്ടെന്നത് യാഥാർത്ഥ്യം തന്നെയാണ്. അവരാണ് മുറിച്ചുകടക്കാനായി റോഡിനിരുവശവും നിൽക്കുന്ന കാൽനടയാത്രക്കാരേയും ചെറിയ വാഹനങ്ങളിലുള്ളവരേയും കടന്നുപോകാൻ അനുവദിക്കുന്നതിനു തന്റെ വാഹനം കുറച്ചുസമയം നിർത്തിയിട്ടുകൊടുക്കുന്ന മഹാമനസ്കർ. ഇത്തരക്കാരെയാണ് ഒരു ഡ്രൈവർ എന്ന നിലയിൽ നാം അനുകരിക്കേണ്ടത്. അതുകൊണ്ടുതന്നെ ട്രാഫിക് നിയമങ്ങളെ, ഒരു വാഹനം ലക്ഷ്യസ്ഥാനത്ത് എത്തുന്നതിനു ഡ്രൈവർ പാലിക്കേണ്ട മര്യാദയാണെന്നതുൾകൊണ്ടു – നിയമങ്ങൾ പാലിക്കുന്ന ഒരു ഡ്രൈവർ ലക്ഷ്യസ്ഥാനത്തു ചെന്നെത്തുമെന്നതിൽ യാതൊരു തർക്കവുമില്ലെന്നു തന്നെയാണ് ഏതൊരു ഡ്രൈവിങ്ങ് പഠിതാവിനോടും എനിക്ക് പറയാനുള്ളത്. അക്കൂട്ടത്തിൽ അപകടമുണ്ടാകാൻ ഇടയാകുന്ന സ്ഥലങ്ങളിലും ഇറക്കത്തിലും സ്കൂളിനടുത്തും ഹോസ്പിറ്റലിനടുത്തും വാഹന നിയമങ്ങളെ ലംഘിച്ച് ഓവർസ്പീഡിൽ വാഹനമോടി

ക്കുന്ന ഡ്രൈവർമാരെ നിയമപരമായി ചാർജ്ജ്ചെയ്യാനുള്ള വാഹന ചെക്കിംഗ് അത്യന്താപേക്ഷിതമായുണ്ടാകേണ്ടതാണ് റോഡുകളിൽ. ഒരു ഡ്രൈവിങ് പഠിതാവ് നാളെയൊരു ഡ്രൈവറായാൽ കഴിവതും സ്പീഡ് കുറച്ച് വാഹനാപകടങ്ങൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കണമെന്നതാണ് നിത്യജീവിതത്തിലെ മറ്റൊരു വസ്തുതയെന്ന് പറയേണ്ടതില്ലല്ലോ. സർവ്വേശ്വരൻ എല്ലാവരേയും വാഹനപാകടങ്ങളില്ലാത്ത നാളുകളിലേക്ക് നയിക്കാൻ നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം.

# ട്രാഫിക് നിയമങ്ങൾ

1. നിങ്ങൾ ഓടിക്കുന്ന വാഹനം ഒരു ഇടുങ്ങിയ പാലത്തെ സമീപിക്കുമ്പോൾ എതിർദിശയിൽനിന്ന് മറ്റൊരു വാഹനം പാലത്തിനടുത്ത് എത്തിയാൽ നിങ്ങൾ ഓടിക്കുന്ന വാഹനം നിർത്തി എതിരെവരുന്ന വാഹനം കടന്നുപോയശേഷം മാത്രം നിങ്ങൾ ഓടിക്കുന്ന വാഹനം മുന്നോട്ടേക്കു നിയന്ത്രിക്കുക.
2. നിങ്ങൾ ഓടിക്കുന്ന വാഹനം ഒരു ജംഗ്ഷനിലെത്തുമ്പോൾ പ്രധാന റോഡിലെ എല്ലാ വാഹനങ്ങളും കടന്നുപോയശേഷം മാത്രം നിങ്ങൾ ശാഖാ റോഡിൽനിന്ന് പ്രധാന റോഡിലേക്ക് വാഹനത്തെ നിയന്ത്രിക്കണം.



3. നിങ്ങൾ ഓടിക്കുന്ന വാഹനം ഒരു ട്രാഫിക് ഐലന്റിനെ സമീപിക്കുമ്പോൾ മഞ്ഞ ലൈറ്റു തെളിയുകയും കെടുകയും ചെയ്തുകൊണ്ടിരുന്നാൽ വേഗതകുറച്ച് ഇരുവശത്തുനിന്നും വാഹനം വരുന്നില്ലെന്ന് ഉറപ്പുവരുത്തിയശേഷം മുന്നോട്ട് നിയന്ത്രിക്കണം.
4. നിങ്ങൾ ഓടിക്കുന്ന വാഹനം, ട്രാഫിക് പോലീസോ, സിഗ്നലോ ഇല്ലാത്ത രണ്ടു പ്രധാന റോഡുകൾ യോജിക്കുന്ന ജംഗ്ഷനിൽ എത്തുമ്പോൾ വല







തുവശത്തുനിന്നുവരുന്ന വാഹനങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ട് വാഹനം നിയന്ത്രിക്കണം.
5. അമിതഭാരം പാടില്ല, നമ്പർ പ്ലേറ്റ്, പാർക്ക് ലൈറ്റ് തുടങ്ങിയവ മറയാൻ പാടില്ല. ട്രാഫിക് ശല്യമുണ്ടാ





വുംവിധം സാധനങ്ങൾ കയറ്റാൻ പാടില്ല. പുറകിലേക്കും വശങ്ങളിലേക്കും തള്ളിനിൽക്കരുത്, നന്നായി പാർക്ക് ചെയ്തിരിക്കണം. വാഹനത്തിൽ ചരക്കുകൾ കയറ്റുമ്പോൾ പാലിച്ചിരിക്കേണ്ട നിബന്ധനകളാണിതെല്ലാമെന്ന് ഓർത്തുമാത്രം നിങ്ങൾ ഓടിക്കുന്ന വാഹനത്തിൽ ചരക്കുകൾ കയറ്റണം.■

ലേഖനം



നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ


# ഡ്രൈവിംഗിലെ പൊതുകാര്യ പ്രസക്തി

ഡ്രൈവിംഗ് പഠനം സർവ്വപ്രധാനമാണെന്ന് എല്ലാവരും അംഗീകരിക്കുന്നുണ്ട്. ഇന്ന് ജീവിതത്തിന്റെ എല്ലാതലങ്ങളിലും ഡ്രൈവിംഗ് അത്യന്താപേക്ഷിതവുമാണ്. ഏറ്റവും പ്രധാനം ചെറിയകുട്ടികളിൽ കുരുന്നു പ്രായത്തിൽ തന്നെ ഡ്രൈവിംഗിനെക്കുറിച്ചും റോഡിലൂടെയുള്ള കാൽനട യാത്രയുടെ നിയമവശങ്ങളെക്കുറിച്ചും അവബോധം ഉണ്ടാക്കിയെടുക്കുക എന്നുള്ളതാണ്. നമ്മുടെ ജീവൻ നമ്മുടെ കൈകളിൽതന്നെയാണ് സുരക്ഷിതമാകേണ്ടതെന്നകാര്യത്തിൽ തർക്കമില്ല.
വാഹനമോടിക്കുമ്പോൾ അത് ഹെവി മോട്ടോർ വെഹിക്കിളായിരുന്നാലും, ലൈറ്റ് മോട്ടോർ വെഹിക്കിളായിരുന്നാലും, നമ്മുടെ ദൈവം നമ്മുടെ മനസ്സുതന്നയാണപ്പോളുമെന്ന കാര്യം മറക്കരുത്. എന്തുകൊണ്ടെന്നാൽ നമ്മുടെ മനസ്സിൽ ഡ്രൈവിംഗ് ചെയ്യുമ്പോൾ മിന്നായമായി തോന്നുന്നതിൽ നിന്നാണ് വാഹനത്തെ നാം നിയന്ത്രിക്കുന്നത്. വാഹനമോടിക്കുന്ന സമയത്ത് ഒരു സെക്കന്റിൽ മനസ്സിലുണ്ടാകുന്ന പരിഭ്രമം (നാടൻ ഭാഷയിൽ പറഞ്ഞാൽ എന്തു ചെയ്യണമെന്നുള്ള നിർദ്ദേശം ബുദ്ധിയിൽ ഉടൻ ഇല്ലാതാകൽ) ആണ് വലിയ വലിയ വാഹനാപകടങ്ങൾ നാട്ടിൽ ഉണ്ടാക്കുന്നത്. ഒന്നു കൂടി വിപുലീകരിച്ചാൽ വാഹനത്തെ മുന്നേട്ടേക്കു നയിക്കുന്ന ഡ്രൈവറുടെ മനസ്സിൽ തിട്ടപ്പെടുന്ന മനക്കണക്കാണ് ഡ്രൈവിങ്ങ്. റോഡിൽ ക്രോസ്സ് ചെയ്യുന്ന ആൾ റോഡിനു മറുപുറം കടന്നതിനു ശേഷമേ താനോടിക്കുന്ന വാഹനം പ്രസ്തുത പോയന്റിൽ എത്തൂ എന്ന് ഒരു ഡ്രൈവർക്കു തിട്ടപ്പെടുത്താൻ കഴിഞ്ഞാൽ നാട്ടിൽ വാഹനാപകടങ്ങളും കുറയും എന്ന കാര്യം ഉറപ്പാണ്. മറ്റൊരു ചോദ്യമാണിത്. ആരാണ് ഒരു നല്ല ഡ്രൈവർ! അതിനുള്ള ഉത്തരം പലരും പലവിധത്തിലാണ് പറയാറുള്ളത്. ചിലർ പറയറുന്നത് വാഹനം റോഡിൽ കൂടി ഓടിക്കുവാനുള്ള വൈദഗ്ദ്യമുള്ളവനാണ് നല്ല ഒരു ഡ്രവർ എന്ന്.

അത്തരക്കാർ പറയുന്നത് ഭാഗികമായി ശരിയാണെങ്കിൽപോലും ഉത്തരം അപൂർണ്ണമാണെന്നാണ് എന്റെ പ്രാക്ടിക്കൽ ഡ്രൈവിംഗ് എക്സ്പിരിയൻസും അനുഭവവും എന്നെ പഠിപ്പിക്കുന്നത്.

ഒരു ഡ്രൈവർ ഒരു പൊതുപ്രവർത്തകനെപോലെയാണ്. ഒറ്റക്ക് അവനവൻ തന്നെ ഓടിക്കുന്ന വാഹനത്തിൽ ഇരിക്കുന്നവൻ സ്വാർത്ഥനാണെങ്കിൽ അവനവന്റെ ജീവനെ മാത്രം സൂക്ഷിച്ചാൽ മതിയല്ലോ!

പക്ഷേ ഒരു പൊതുകാര്യപ്രസക്തനായി വാഹനമോടിക്കുന്നയാൾ വാപനത്തിലിരിക്കുന്നവരുടെ ജീവനും റോഡിൽ നടന്നുപോകുന്നവരുടെ ജീവനും -ഡ്രൈവറായി വാഹനത്തെ നിയന്ത്രിക്കുന്ന തന്നേയും തുല്യമായാണ് കാണുന്നത്. മറ്റുള്ളവർ മരിച്ചാലും വേണ്ടില്ല തനിക്കങ്ങോട്ട് പോയാൽ മതി എന്നു പറയുന്നവർ ഒരു ഡ്രൈവറേ അല്ല. അതിൽ നിന്നു തന്നെ നമുക്കു മനസ്സിലാക്കാം ഒരു ഡ്രൈവർക്ക് അത്യാവശ്യം വേണ്ടത് മറ്റു വാഹനത്തിലിരിക്കുന്നവരോടും, കാൽനടയാത്രക്കാരോടും താൻ ഓടിക്കുന്ന വാഹനത്തിലിരിക്കുന്ന വരോടും കരുണയുണ്ടാകേണ്ടത് അത്യാവശ്യമാണെന്ന്. ഇന്നത്തെ കാലത്ത് വാഹനങ്ങളും -ഡ്രൈവറുമില്ലാത്ത ഒരു നാട് നമുക്ക് സങ്കൽപ്പിക്കുവാനേ സാധിക്കില്ല. നാൾക്കുനാൾ പുതിയതായി ധാരാളം വാഹനങ്ങൾ റോഡിൽ ഇറക്കിക്കൊണ്ടിരിക്കുകയാണ്. ഇറങ്ങുന്ന വാഹനങ്ങളുടെ കണക്കുമായി താരതമ്യം ചെയ്താൽ നമ്മുടെ സംസ്ഥാനത്തെ ഇടവഴി റോഡുകൾക്കു പോലും എഴുപതടി വീതി മതിയാകില്ല. എന്നിട്ടും ഡ്രൈവർമാർ വാഹനങ്ങളെ നിശ്ചിതസ്ഥലങ്ങളിൽ സമയാസമയങ്ങളിൽ എത്തിക്കുന്നത് അവരുടെ വർങ്ങളോളമുള്ള പ്രാക്ടിക്കൽ എക്സ്പീരിയൻസ് കൊണ്ടുതന്നെയാണ്.



അതുപോലെ ഡ്രൈവിങ്ങ് പഠിച്ചിറങ്ങന്ന ഒരു വിദ്യാർത്ഥി പിന്നീട് ഡ്രൈവിങ്ങുമായി ബന്ധപ്പെടാതിരിക്കുന്നത് ഡ്രൈവിങ്ങ് പഠിക്കുന്ന കാലത്ത് അവൻ അല്ലെങ്കിൽ അവൾ മനസ്സിലുണ്ടാക്കിവച്ച വാഹനനിയന്ത്രണമനക്കണക്കിന്റെ പൊരുത്തക്കേടുകൾക്കു വഴിവെക്കും. അതിനാൽ ഡ്രൈവിംഗ് ലൈസൻസ് എടുത്ത് മറ്റു ജോലികളിൽ ഏർപ്പെടുന്നവരോട് നിർദ്ദേശിക്കുവാനുള്ളത് നിങ്ങൾ ഒരു നല്ല ഡ്രൈവറാകണമെന്നുണ്ടെങ്കിൽ നിരന്തരം വാഹനമോടിച്ചുകൊണ്ടിരിക്കണം.

അതിനു സാധിക്കുന്ന അവസ്ഥയില്ലെങ്കിൽ വല്ലപ്പോഴും ആഴ്ചയിൽ ഒരിക്കലെങ്കിലുമൊന്ന് വാഹനവുമായി റോഡിൽ ഇറങ്ങാൻ ശ്രമിക്കണം. നാളേയും വാഹനമോടിക്കാൻ ഡ്രൈവറെ ആവശ്യമായിവരുമെന്ന് നിങ്ങൾ മറക്കാതിരിക്കുക.

















**റോഡപകടങ്ങൾ ഉണ്ടാകുവാതിരിക്കാൻ നിർദ്ദേശങ്ങൾ**

1. വാഹനത്തിന്റെ കണ്ടീഷൻ ഇടക്കിടെ പരിശോധിപ്പിക്കുക.
2. റോഡിൽ പാർക്കു ചെയ്യുമ്പോൾ ഒതുക്കി നിർത്തുക.
3 പോക്കറ്റ് റോഡിൽനിന്നു മെയിൽ റോഡിലേക്ക് കയറുന്ന വാഹനത്തിന്റെ ഡ്രൈവർ മെയിൻ റോഡിൽ അപ്പപ്പോൾ വാഹനമില്ലെന്ന് ഉറപ്പുവരുത്തിയ ശേഷം മുന്നോട്ടേക്ക് കയറുക.
4. മറ്റുള്ള വാഹനത്തോടു മത്സര ഓട്ടം നിർത്തുക.
5. ഒരു വാഹനം ഓവർടേക്ക് ഹോൺ അടിച്ച് ആവശ്യപ്പെട്ടാൽ വഴി നൽകുക.
സിഗ്നൽ ലൈറ്റ് മാനിക്കാതേയും പോലീസ് നിർദ്ദേശം പാലിക്കാതേയും വണ്ടി ഓട്ടരുത്.
7. അവനവന്റെ ജീവൻ അവനവന്റെ കൈയ്യിലാണെന്ന കാര്യം മറക്കാതിരിക്കുക.
8. റോഡിൽ ക്രോസ്സു ചെയ്യുന്ന കാൽനട യാത്രക്കാർക്ക് റോഡ് മുറിച്ചുകടക്കുവാനുള്ള സൗകര്യത്തിനു ട്രാഫിക്ക് നിയമങ്ങൾ പാലിക്കണം ഒരു ഡ്രൈവർ എന്നു മറക്കാതിരിക്കുക നിങ്ങൾ. ■